


# ബഥേൽ പത്രിക

Since 1987
ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം
സെപ്റ്റംബർ 2023
വാല്യം 35 ലക്കം 9

# Holy Matrimony



## Ansu Joseph Mathew
## &
## Dr. Aashma Susan Varghese

**S/o. Fr. MATHEW VARGHESE &**
**Mrs. SUSMITHA MATHEW**
**Pulimoottil House**
**Elanjimel P.O, Chengannur**

**D/o. Mr. VARGHESE P. THOMAS &**
**Mrs. MARY VARGHESE**
**Pallathalummoottil Bless Villa,**
**Muttom P.O, Thumpamon**

## എഡിറ്റോറിയൽ

റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ

ദൈവവും, മതവും, മതാത്മകതയും ഒക്കെ ചോദ്യ ചിഹ്നമായി മാറുന്ന കാലഘട്ടത്തിൽ *Artificial Intelligence* ന്റെ കാര്യക്ഷമമായ പുരോഗമനവും, മതമിതവാദികൾ ഉയർത്തുന്ന വെല്ലുവിളികളുമൊക്കെ കാലങ്ങൾക്ക് മുമ്പുതന്നെ മതവിശ്വാസ ജീവിതത്തെ അല്പമൊക്കെ പിടിച്ചു കുലുക്കിയിട്ടുണ്ട്.

മതം മനുഷ്യന് നന്നാകാനുള്ള ജീവിതശൈലിയുടെ പേരാണ്. ദൈവസങ്കല്പം ആ ജീവിതശൈലിയുടെ പൂർണ്ണതയാണ്. മനുഷ്യന്റെ നന്മയ്ക്കായി സ്ഥാപിക്കപ്പെട്ട മതങ്ങൾ ഇന്ന് ദൈവമില്ലാത്ത, ദൈവവിചാരമില്ലാത്ത കേവലം സെക്യുലർ എന്ന് വിളിക്കാവുന്ന ഒരു പ്രസ്ഥാനം മാത്രമായി ചുരുങ്ങിയിരിക്കുന്നു.

ദൈവവിശ്വാസവും, മതബോധവും ഒരു വ്യക്തിയുടെ വളർച്ചയുടെ സുപ്രധാന ഘടകങ്ങൾ ആണ്. മതം സൃഷ്ടിക്കുന്ന വേലിക്കെട്ടുകൾ അല്ല മറിച്ച് മതം നൽകുന്ന നന്മയുടെ നീർച്ചാലുകൾ ആണ് മനുഷ്യന്റെ വളർച്ചയ്ക്ക് ഉതകുന്നത്.

ആധുനിക കാലഘട്ടം വിശ്വാസ ജീവിതത്തിന് വളരെയേറെ വെല്ലുവിളികൾ ഉയർത്തുന്നു. ഒരു കാലത്ത് ക്രൈസ്തവ സഭയും സമൂഹവും വിശ്വാസജീവിതത്തിൽ മികച്ച ജീവിത നിലവാരം പുലർത്തിവന്നിരുന്നു. പണ്ട് നിരീശ്വരവാദികൾ ഉയർത്തിയിരുന്ന ദൈവനിഷേധവും, വിഷയങ്ങളുടെ ചോദ്യം ചെയ്യലും ആയിരുന്നുവെങ്കിലും ഇന്ന് മതവിശ്വാസത്തിലെ ധാർമ്മികതയാണ് ചോദ്യം ചെയ്യപ്പെടുന്നത്. ലാളിത്യവും വിശുദ്ധിയും സത്യവും നീതിയുമൊക്കെ ജീവിതശൈലിയെ തുടർന്ന് വന്നിരുന്ന ഒരു വിശ്വാസി സമൂഹം ഇന്ന് ധൂർത്തിന്റെയും അത്യാഡംബരത്തിന്റെയും അസത്യത്തിന്റെയും അനീതിയുടെയുമൊക്കെ വക്താക്കളായി മാറിക്കഴിഞ്ഞിരിക്കുന്നു. ആന്തരിക വിശുദ്ധിയുടെ അഭാവം ഇന്നത്തെ വിശ്വാസജീവിതം ഉയർത്തുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളിയാണ്. ആത്മാഭിമാനവും, അസ്ഥിത്വബോധവും, ആത്മബോധവും ഉയർത്തിയിരുന്ന വിശ്വാസ ജീവിതം ഇന്ന് ദുരഭിമാനത്തിന്റെയും ദുർവ്യയങ്ങളുടെയും കൂത്തരങ്ങായി മാറിയിരിക്കുന്നു. പിന്തുടരുവാനില്ലാത്ത മാതൃകാ ജീവിതങ്ങൾ വിശ്വാസജീവിതത്തിന്റെ ശക്തമായ വെല്ലുവിളിയാണ്.

വിശ്വാസത്തെ ബോധ്യമായി ഉറപ്പിക്കുവാൻ സാധിക്കാത്ത തലമുറകളുടെ അഭാവം ഇന്നിന്റെ വിശ്വാസ ജീവിതത്തിന്റെ വെല്ലുവിളിയാണ്. ഹൃദയത്തിന്റെ ആഴങ്ങൾ വർദ്ധിപ്പിക്കുന്നതിലുപരിയായി തലയ്ക്ക് അറിവ് ലഭിക്കത്തക്കരീതിയിലുള്ള ബോധവൽക്കരണ മതപഠന പരിശീലനങ്ങൾ വിശ്വാസജീവിതത്തിന്റെ വെല്ലുവിളിയാണ്. മാറ്റമില്ലാത്ത വിശ്വാസസത്യങ്ങൾ കാലഘട്ടത്തിന്റെ മാറ്റമനുസരിച്ച് പരിഷ്ക്കരിക്കുവാനും അവയെ പുതുതലമുറയിലേക്ക് പകർന്നു നൽകുവാനുമുള്ള സാങ്കേതികത്വത്തോടുള്ള അലംഭാവം വിശ്വാസജീവിതത്തിന്റെ മറ്റൊരു വെല്ലുവിളിയാണ്. അപകടകരമാംവിധം വർദ്ധിച്ചുവരുന്ന യുക്തിവാദങ്ങളുടെയും അവയെ പരിപോഷിപ്പിക്കും വിധത്തിലുള്ള നിർമ്മിതബുദ്ധിയുടെ വളർച്ചയും വിശ്വാസജീവിതത്തിന്റെ മറ്റൊരു സുപ്രധാന വെല്ലുവിളിയാണ്. ഭക്തിയെ ബുദ്ധികൊണ്ടും യുക്തികൊണ്ടും അളക്കുവാൻ പഠിപ്പിക്കുന്ന മതനിരപേക്ഷത മറ്റൊരു വെല്ലുവിളിയാണ്.

സംസ്ക്കാരത്തോടൊപ്പം നമസ്ക്കാരങ്ങളും പരിശീലിപ്പിക്കുവാൻ അവയെ ഹൃദയതാളമാക്കുവാൻ പരാജയപ്പെടുന്ന രക്ഷാകർതൃത്വം വിശ്വാസജീവിതത്തിന്റെ വെല്ലുവിളിയാണ്. വിശുദ്ധ യാക്കോബ് ശ്ലീഹാ വിമർശിച്ചത് പ്രവർത്തിയില്ലാത്ത വിശ്വാസത്തെയാണെങ്കിൽ ഇന്ന് വിശ്വാസമില്ലാത്ത വ്യർത്ഥമായ പ്രവർത്തികളാണ് മറ്റൊരു വെല്ലുവിളി. ആത്മീയതയെക്കാൾ ഭൗതീകതയ്ക്ക് പ്രാധാന്യം കൽപ്പിക്കുന്ന സമർപ്പിതരുടെ ദൈവ വിശ്വാസമില്ലാത്ത ദൈവഭയമില്ലാത്ത പ്രവർത്തികൾ ഇന്നത്തെ വിശ്വാസജീവിതത്തിന്റെ വെല്ലുവിളിയാണ്. ക്രിസ്തുവിന്റെ മുഖം വികൃതമാക്കുന്ന സഭാ ശുശ്രൂഷകരുടെ അധഃപതിച്ച ആത്മീയത വിശ്വാസജീവിതത്തിന്റെ ആന്തരീക മുറിവാണ്. തെരഞ്ഞെടുക്കപ്പെട്ടവരുടെ മാനുഷികമായ വീഴ്ചകൾ വിശ്വാസജീവിതത്തിന്റെ കണ്ണുനീരാണ്.

ക്രിസ്തീയതയ്ക്കുള്ളിൽ വളർന്നു വരുന്ന ജീർണ്ണത വിശ്വാസജീവിതത്തിന്റെ സുപ്രധാന വെല്ലുവിളിയാണ്. പുരമുകളിൽ പ്രസംഗിക്കുകയും സ്വജീവിതത്തിൽ അവ പ്രാവർത്തികമാക്കാതെ കേവലം മുഴങ്ങുന്ന ചെമ്പുകളായി മാറുന്ന അധികാരമോഹികളും സുഖലോലപരുമായ മതനേതൃത്വങ്ങൾ വിശ്വാസജീവിതത്തിന്റെ വെല്ലുവിളിയാണ്. മറ്റു മതത്തേക്കാൾ ആഭ്യന്തരമായ തൊഴുത്തികുത്തുകളും കാലുവാരലുകളും കസേരകളികളും സൃഷ്ടിക്കുന്ന അധാർമ്മിക ജീവിതം വിശ്വാസജീവിതത്തിന്റെ വെല്ലുവിളിയാണ്. എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവർ തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന ക്രിസ്തുവാക്യത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ഒരു യഥാർത്ഥ വെല്ലുവിളിയാണ്.

''മതമേതായാലും മനുഷ്യൻ നന്നായാൽ മതി'' എന്ന ശ്രീനാരായണഗുരുവിന്റെ ആപ്തവാക്യം പുണരുവാൻ ആഗ്രഹിക്കുന്ന തലമുറ മതനിരപേക്ഷത എന്നാൽ മതം ഉപേക്ഷിക്കുക എന്ന് ദുർവാഖ്യാനിക്കുകയും മതം പിന്തുടർന്നാൽ അത് മതതീവ്രവാദമായി കാണുകയും ചെയ്യുക എന്നത് വിശ്വാസജീവിതത്തിന്റെ വലിയ വെല്ലുവിളിയാണ്. 'നന്നാവുക' എന്നതിനേക്കാൾ പൂർണ്ണതയിലേക്കുള്ള വളർച്ചയാണ് മതവിശ്വാസ ലക്ഷ്യം എന്ന് പഠിപ്പിക്കുവാൻ പരാജയപ്പെടുന്ന മതാത്മകത ഇന്നിന്റെ വിശ്വാസജീവിതത്തിന്റെ മറ്റൊരു വെല്ലുവിളിയാണ്.

ക്രിസ്തീയ ജീവിതശൈലിയായി (Habit) ആയി മാറാത്ത ആത്മീയ അവസ്ഥയാണ് യഥാർത്ഥമായി വിശ്വാസജീവിതത്തിന്റെ പ്രധാന വെല്ലുവിളി.

# ബഥേൽ പത്രിക

Since 1987

Bethel Pathrika, P. B. No. 38, Chengannur, Kerala 689 121
+91 479 2451331
bethelpathrika@gmail. com www. bethelpathrika. org

വരിസംഖ്യ 250 രൂപ



## പത്രാധിപസമിതി

| | | |
|---|---|---|
| രക്ഷാധികാരി | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി | |
| മാനേജിംഗ് എഡിറ്റർ | അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ ✆ 9447718511 | |
| പബ്ലിഷർ | റവ. ഫാ. പി. കെ. കോശി | ✆ 9447654008 |
| ചീഫ് എഡിറ്റർ | റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ mathewvarghese678@gmail. com | ✆ 9495765393 |
| എക്സിക്യൂട്ടീവ് എഡിറ്റർ | റവ. ഫാ. മത്തായി സഖറിയ, ഇടവങ്കാട് | |
| എഡിറ്റർ | റവ. ഫാ. ജോബിൻ സാമുവേൽ, കുടശനാട് | |
| അസ്സോസിയേറ്റ് എഡിറ്റർ | ശ്രീ. സിബി മത്തായി, ഇടനാട് | |
| സർക്കുലേഷൻ മാനേജർ | റവ. ഡീ. ജിതിൻ ജോസ് ഇടവങ്കാട് | |
| അംഗങ്ങൾ | ശ്രീ. സജി പട്ടരുമഠം, ബുധനൂർ | ശ്രീ. ജോർജ് വർഗീസ്, പുത്തൻകാവ് |
| | ശ്രീ. എബി അലക്സാണ്ടർ, പുത്തൻകാവ് | ശ്രീ. ബിനോയ് പി. ജോർജ്, കുടശനാട് |
| | ശ്രീ. ഷാജൻ മാത്യു, പേരിശ്ശേരി ഈസ്റ്റ് | ശ്രീ. റിബു ജോൺ, പേരിശ്ശേരി |
| | ശ്രീ. ചിൽസ് തോമസ് കോശി, കുർത്തമല | ശ്രീ. ബിനു മുളക്കുഴ |
| | ശ്രീമതി മിനി ജോൺസൺ, മെഴുവേലി | |
| ഉപദേശകസമിതി | റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ | അഡ്വ. ജി. ഏബ്രഹാം, കുർത്തമല |
| | ശ്രീ. വർഗീസ് ജോൺ തോട്ടപ്പുഴ | പ്രൊഫ. ഡോ. ബിൻസി റെജി, ആറ്റുവാ |
| | ശ്രീമതി സോളി ജി. ഫിലിപ്പ്, മംഗലം | |


വരിസംഖ്യ അടയ്ക്കൽ G-Pay വഴിയും Scan & Pay

Send Screenshot & Postal Address 9447791896

ബഥേൽ പത്രിക വരിക്കാരാകുവാനും വരിസംഖ്യ പുതുക്കുവാനും QR Code Scan ചെയ്ത ശേഷം 9447791896 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുക.

## ഇതളുകളിൽ


| | | |
|---|---|---|
| 05 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ |
| 06 | യുവ തലമുറ നാടുകടക്കുമ്പോൾ | സജു സ്റ്റീഫൻ കുടശ്ശനാട് |
| 09 | താപസ സൗകുമാര്യം | വെരി. റവ. ബെസലേൽ റമ്പാൻ |
| 12 | നാടോർമ്മ | ജിസ്മ യു. കെ. |
| 14 | ക്രിസ്ത്യാനി | റവ. ഫാ. തോമസ് ഉമ്മൻ |
| 17 | കുരിശിന്റെ വചനം | ഫാ. തോമസ് മാത്യു യു. എസ്സ്. എ. |
| 19 | സാരോപദേശകഥകൾ പശ്ചാത്താപമേ പ്രായശ്ചിത്തം | ഫാ. പി. വി. ജോൺ ചെങ്ങന്നൂർ |
| 22 | പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും | വർഗീസ് ജോൺ, തോട്ടപ്പുഴ |
| 25 | ക്വിസ് 13 | |
| 24 | CYBER ADDICTION (Contd......) | Fr. Dr. Renny Thomas |
| 26 | പ്രസാദസന്ധ്യയിലും തളിർത്ത ഫലം നൽകുന്ന മലങ്കരയുടെ മുന്തിരിവള്ളി | റിനോ അച്ചൻ |
| 27 | ബാലപത്രിക | |
| 29 | ഭദ്രാസന വാർത്തകൾ | ഫാ. പി. കെ. കോശി |
| 30 | ലോകക്രൈസ്തവ വാർത്തകൾ | |

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

ഈ ലക്കം ബഥേൽ പത്രികയിൽ എന്ത് വിഷമാണ് എഴുതേണ്ടത് എന്ന് ചിന്തിച്ചപ്പോൾ മനസിൽ തെളിഞ്ഞു വന്നത് അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയുടെ പുഞ്ചിരിക്കുന്ന മുഖമാണ്. വ്യകതിപരമായി അഭിവന്ദ്യ പിതാവിനെ അനുസ്മരിച്ച് മുമ്പ് എഴുതിയിട്ടുണ്ട് എങ്കിലും ഭദ്രാസനത്തിന്റെ ആദരവ് ആയി ഭദ്രാസന മുഖപത്രത്തിൽ തിരുമേനിയെ അനുസ്മരിക്കുന്നത് ഏറ്റവും ഉചിതമായിരിക്കും എന്ന ചിന്തയിലാണ് ഈ അനുസ്മരണ കുറുപ്പ് എഴുതുന്നത്. ഭാഗ്യസ്മരണാർഹനായ മാത്യൂസ് മാർ ബർണബാസ് തിരുമേനിക്ക് ശേഷം ആകാര സാദൃശ്യം കൊണ്ടും, ലാളിത്യം കൊണ്ടും, ജീവിത വിശുദ്ധികൊണ്ടും മലങ്കര സഭാ മക്കളുടെ മനസിൽ ഇടം കണ്ടെത്തിയ ഒരു പിതാവാണ് കാലം ചെയ്ത അഭിവന്ദ്യ സഖറിയാ മാർ അന്തോണിയോസ് തിരുമേനി. ഈജിപ്തിലെ ഏകാന്ത വാസിയായ വി. അന്തോണിയോസിനെ പോലെ (AD 251-356) സാമൂഹികമായും, സാമ്പത്തീകമായും വളരെ മുന്നോക്കം നിന്ന ഒരു കുടുംബത്തിൽ ജനിച്ചു എങ്കിലും ഭൗതീകമായ ഒന്നിനോടും ഒരു മമതയും തിരുമേനി പുലർത്തിയിരുന്നില്ല. ജീവിതലാളിത്യം കൊണ്ടും പ്രാർത്ഥനാ ജീവിതം കൊണ്ടും ഏവർക്കും മാതൃകയായിരുന്നു അഭിവന്ദ്യനായ തിരുമേനി. തിരുമേനിയുടെ ഏറ്റവും ലളിതമായ ജീവിതം ആധുനിക ലോകത്തിനും വൈദീക, സന്യാസ ശിഷ്യന്മാർക്കും ഉദാത്തമായ മാതൃകയാണ്.

നാം ഒരു ദിവസം മടിയായിരുന്നാൽ മുൻകാലങ്ങളെ കരുതി ദൈവം അത് നിങ്ങളോട് പൊറുക്കയില്ല. തന്നെ ബോധപൂർവ്വം നിരസിച്ചതിന് കോപിക്കാതിരിക്കുമോ ? യൂദാ ഒരു രാത്രികൊണ്ട് തന്റെ മുൻകാല പ്രയത്നങ്ങളെ മുഴുവൻ നശിപ്പിച്ചില്ലയോ?' എന്ന് വി. അന്തോണിയോസിന്റെ പഠിപ്പിക്കലിൽ പറയുന്നു. അഭിവന്ദ്യ തിരുമേനി സഭയുടെ മുന്തിരിതോപ്പിൽ മടികൂടാതെ അധ്വാനിച്ചു. ആരോഗ്യം ഉള്ള കാലം വരെ പിതാക്കന്മാരുടെ പെരുന്നാളുകളിൽ എത്ര ദൂരം ആയിരുന്നാലും തിരുമേനിയുടെ സാന്നിധ്യം കാണുമായിരുന്നു. സഭയുടെ പ്രതിസന്ധികളിൽ സൗമ്യ സാന്നിധ്യമായും എന്നും ഉറച്ച നിലപാടോടും അഭിവന്ദ്യ അന്തോണിയോസ് തിരുമേനി ഉണ്ടായിരുന്നു. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൽ തിരുമേനിയുടെ സാന്നിദ്ധ്യം തുടക്കക്കാരായ അഭിവന്ദ്യ പിതാക്കന്മാർക്ക് വളരെ അനുഗ്രഹമായിരുന്നു .

ബലഹീനനായ നമ്മെ സംബന്ധിച്ചിടത്തോളം വളരെ ആഴമേറിയ ഒരു ആത്മബദ്ധമാണ് അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയുമായി ഉണ്ടായിരുന്നത്. വൈദീകനായി ശുശ്രൂഷിച്ച കാലം മുതൽ ആരംഭിച്ച ആ കരുതലും സ്നേഹവും അവസാന നിമിഷം വരെ യാതൊരു കുറവും ഇല്ലാതെ തുടരുവാൻ ദൈവം കരുണചെയ്തു. പണ്ഡിതനായി ഭവിച്ചിരുന്നില്ല എങ്കിലും തിരുമേനിയുടെ പ്രഭാഷണങ്ങൾ ആനുകാലിക പ്രസക്തവും, ആശയ സമ്പുഷ്ടവുമായിരുന്നു. അനുഭവത്തിൽ നിന്നുള്ള നല്ല പാഠങ്ങൾ തിരുമേനിയുടെ വാക്കുകളിൽ നിറഞ്ഞു നിന്നിരുന്നു. പുതിയ തലമുറയെ കുറിച്ചുള്ള കരുതലും, വിദ്യാഭ്യാസ ദർശനവും വരും തലമുറയുടെ യുവതി യുവാക്കളെ നയിക്കാനുള്ള തിരുമേനിയുടെ പ്രാവീണ്യവും വളരെ ശ്രേഷ്ഠമായിരുന്നു. കൊച്ചു കുട്ടികളുടെ അടുത്തു പോലും തിരുമേനി സംവദിക്കുന്ന രീതി തിരുമേനിയുടെ ലാളിത്യത്തിന്റെയും നൈർമ്മല്യത്തിന്റെയും മികച്ച ദൃഷ്ടാന്തമാണ്. 'കുഞ്ഞേ' എന്ന വിളിയോടുകൂടെ ആരംഭിക്കുന്ന സംഭാഷണം മുഴുവൻ പഴമയുടെ നൈർമല്യം നിറഞ്ഞതും വേദസംപുഷ്ടവും ആയിരുന്നു.

ദൈവ സാനിദ്ധ്യബോധത്തോടെ ആരാധനയിൽ സംബന്ധിക്കണം എന്നത് തിരുമേനിക്ക് നിർബന്ധമായിരുന്നു. പ്രസംഗിക്കുക മാത്രമല്ല ജീവിതത്തിൽ അതിനായി അദ്ദേഹം ഒരുങ്ങുകയും ചെയ്തിരുന്നു. ശബ്ദമാധുര്യമല്ല ആത്മശരീര മനസുകളുടെ ആത്മാർത്ഥമായ പങ്കാളിത്തമാണ് ആരാധനയുടെ സൗന്ദര്യമെന്ന് തിരുമേനി പഠിപ്പിച്ചു. ആരാധന വെറും ആചരണവും, സ്വർഗ്ഗീയ നാദപ്രഹേളികയും, സോഷ്യൽ മീഡിയ വൈറൽ സ്റ്റാറ്റസുകളുമായി തരം താഴ്ന്ന ഈ കാലത്ത് തിരുമേനിയെപോലെ ആരാധനയും പ്രാർത്ഥനയും ജീവവായുആയി കണ്ട് ജീവിച്ച പിതാക്കന്മാരുടെ സാന്നിദ്ധ്യം വി. സഭയ്ക്ക് വലിയ അനുഗ്രഹമായിരുന്നു. ദൈവത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം. ഇങ്ങനെയുള്ള ആരാധനയിലാണ് ദൈവ സാന്നിധ്യമുണ്ടാകുന്നത്, ദൈവത്തിന് സ്വീകാര്യ ബലിയായി ഭവിക്കുന്നത്'. (യോഹന്നാൻ 4:23,24). ദൈവത്തെ ആരാധിക്കുകയെന്നാൽ എല്ലാം ദൈവത്തിനു നൽകുക എന്നതാണ്' ഇയ്യോബ് പറഞ്ഞു ''എന്റെ അമ്മയുടെ ഗർഭത്തിൽ നിന്നും ഞാൻ നഗ്നനായി പുറപെട്ടു വന്നു, നഗ്നനായിത്തന്നെ ഞാൻ മടങ്ങി പോകും'. യഹോവ തന്നു യഹോവ എടുത്തു. യഹോവയുടെ നാമം മഹത്വപ്പെടുമാറാകട്ടെ'. ഇതിലൊന്നും ഇയ്യോബ് പാപം ചെയ്കയോ ദൈവത്തെ പഴിക്കുകയോ ചെയ്തില്ല' (ഇയ്യോബ് 1:21,22) അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയെ സംബന്ധിച്ചും വളരെ സാമ്യതയുള്ള വേദഭാഗമാണ് ഇത്. ലോകത്തിന് അനുരൂപൻ ആകാതെ ദൈവഹിതം മനസ്സിലാക്കി, പിറുപിറുപ്പു കൂടതെ ഉള്ളതിൽ സന്തോഷം കണ്ടെത്തി ജീവിച്ചു. ലോകത്തിന്റെ മുഖം അല്ല ദൈവ മുഖം വിളങ്ങുവാൻ ഒരു പുരുഷായുസ്സ് മുഴുവൻ പരിശ്രമിക്കുകയും ,അങ്ങനെ ജിവിക്കാൻ ശ്രമിക്കുകയും ചെയ്യ്ത പിതാവായിരുന്നു തിരുമേനി.

ഗുരുഭക്തി നിറഞ്ഞു നിന്ന ഭാവമായിരുന്നു തിരുമേനിക്ക്. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ എന്ന മലങ്കരയുടെ ഗമാലീയേലിന്റെ പാദപീഠത്തിൽ ഇരുന്ന് പഠിച്ച തിരുമേനി തന്റെ സമാധിസ്ഥാനവും ആ പാദപീഠത്തിൽ ക്രമീകരിച്ചത് മഹാനായ ഗുരുവിന്റെ സൗമന്യനായ ശിഷ്യന് ലഭിച്ച പുണ്യമായി കാണുന്നു. അഭിവന്ദ്യ തിരുമേനിയുടെ ദീപ്ത സ്മരണയ്ക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു.



സജു സ്റ്റീഫൻ കുടശ്ശനാട്

# യുവ തലമുറ നാടുകടക്കുമ്പോൾ

ഈ അടുത്ത കാലത്ത് മാധ്യമങ്ങൾ വൻ പ്രാധാന്യത്തോടെ നൽകിയ ഒരു വാർത്തയായിരുന്നു 8000 ത്തോളം മലയാളി വിദ്യാർത്ഥികൾ ഒരുമിച്ച് പഠനത്തിനായി ഒരു വിദേശ രാജ്യത്തേക്ക് പോകുന്നു എന്നുള്ളത്. അതിനടുത്ത ദിവസം തന്നെ ഉണ്ടായിരുന്ന മറ്റൊരു വാർത്തയാണ് കേരളത്തിലെ കോളേജുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു ണ്ടായി എന്നുള്ളത്. ഈ രണ്ടു വാർത്തകളും ആണ് ഈ കുറിപ്പ് എഴുതുവാൻ ആധാരം. ആഗോളവൽക്കരണ ലോകത്തിന്റെ ലോകോത്തര പഠന അവസരങ്ങൾ കൈവരിക്കുവാനും, അറിവിന്റെ ചക്രവാളങ്ങൾ വിശാലമാക്കാനും തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്താനുമുള്ള കേരളത്തിലെ യുവാക്കൾക്കിടയിൽ വളർന്നുവരുന്ന അഭിലാഷത്തെയാണ് ഈ വാർത്തകൾ പ്രതിഫലിപ്പിക്കുന്നത്. അന്താരാഷ്ട്ര വിദ്യാഭ്യാസത്തിന്റെ ആകർഷണീയത കേരളത്തിലെ വിദ്യാർത്ഥികളെ ആകർഷിക്കുന്നത് തുടരുന്നതിനാൽ, ഈ കുടിയേറ്റത്തെ പ്രേരിപ്പിക്കുന്ന പ്രധാന ഘടകങ്ങൾ, സംസ്ഥാനത്തിലും വിദ്യാർത്ഥികളിലും അതിന്റെ സ്വാധീനം, അത് അവതരിപ്പിക്കുന്ന വെല്ലുവിളികളും അവസരങ്ങളും എന്നിവയെ ആധാരമാക്കി എന്റെ വ്യക്തിപരമായ അഭിപ്രായങ്ങളാണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

**വിദേശ സർവകലാശാലകൾ തെരഞ്ഞെടുക്കുന്നതിന്റെ കാരണം എന്ത്?**

കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം കുറവായിരുന്നപ്പോൾ മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെയും ചില ഉത്തരേന്ത്യൻ നഗരങ്ങളെയുമായിരുന്നു മലയാളി വിദ്യാർത്ഥികൾ പഠനത്തിനായി കൂടുതൽ ആശ്രയിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി അതിൽനിന്നും വിഭിന്നമായി വിദേശ രാജ്യങ്ങളിലെക്കുള്ള കുത്തൊഴുക്കാണ് കാണുവാൻ സാധിക്കുന്നത്. വിദ്യാർത്ഥികൾക്ക് സവിശേഷമായ നേട്ടങ്ങളും അവസരങ്ങളും വാഗ്ദാനം ചെയ്യുന്ന ഘടകങ്ങളുടെ സംയോജനമാണ് ഈ പ്രവണതയെ നയിക്കുന്നത് എന്ന് നിസംശയം പറയാം. ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്തേക്ക് കുടിയേറാനുള്ള കേരളത്തിലെ വിദ്യാർത്ഥികളുടെ തീരുമാനത്തെ സ്വാധീനിക്കുന്നത് വിദ്യാഭ്യാസ നിലവാരവും വൈവിധ്യവും മുതൽ തൊഴിൽ സാധ്യതകളും കുടിയേറ്റ സാധ്യതകളും വരെയുള്ള ഘടകങ്ങളുടെ സങ്കീർണ്ണമായ ഇടപെടലാണ്. വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റത്തിന് പിന്നിലെ അഞ്ച് പ്രധാന കാരണങ്ങൾ എന്തെന്ന് നോക്കാം.

**1. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ഗവേഷണ അവസരങ്ങളും**

വിദേശത്ത് ലഭ്യമായ വിദ്യാഭ്യാസത്തിന്റെയും ഗവേഷണ സാധ്യതകളുടെയും അനന്തസാധ്യതകൾ കേരള വിദ്യാർത്ഥികളെ ആകർഷിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ്, യുണൈറ്റഡ് കിംഗ്ഡം, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ അവരുടെ നൂതനമായ പാഠ്യപദ്ധതിക്കും ലോകോത്തര നിലവാരമുള്ള

അധ്യയന വിഭാഗങ്ങളും പേരുകേട്ട പ്രശസ്തമായ സർവകലാശാലകളും കോളേജുകളും തലയുയർത്തി നിൽക്കുന്നു. കേരളവുമായും മറ്റ് ഇന്ത്യൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും താരതമ്യപ്പെടുത്തിയാൽ അറിവിന്റെ വിശാല മേഖലയാണ് ഇത്തരം സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നത്.

**2. വൈവിധ്യമാർന്ന സ്പെഷ്യലൈസേഷനുകളും കരിയർ സാധ്യതകളും**

വിദേശത്ത്, വിദ്യാർത്ഥികൾക്ക് വൈവിധ്യമാർന്ന സ്പെഷ്യലൈസേഷനുകൾ പര്യവേക്ഷണം ചെയ്യാനും അവരുടെ കരിയർ അഭിലാഷങ്ങൾക്ക് അനുയോജ്യമായ രീതിയിൽ വിദ്യാഭ്യാസം ക്രമീകരിക്കാനും കഴിയും. എന്നാൽ, ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇതിനുള്ള അവസരങ്ങൾ ഇപ്പോഴും പരിമിതമാണെന്ന് കാണുവാൻ കഴിയും. ഉദാഹരണത്തിന്, മറൈൻ ബയോളജി പോലുള്ള ഒരു പ്രധാന മേഖല പിന്തുടരാൻ താൽപ്പര്യമുള്ള ഒരു വിദ്യാർത്ഥിക്ക്, ശക്തമായ സമുദ്ര ശാസ്ത്ര ഗവേഷണ കേന്ദ്രമുള്ള ഓസ്ട്രേലിയയിലെ ക്വീൻസ്‌ലാന്റ് സർവകലാശാല പോലുള്ള പ്രത്യേക പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങളെ വിദേശത്ത് കണ്ടെത്തിയേക്കാം.

**3. ആഗോള അനുഭവവും സാംസ്കാരിക വൈവിധ്യവും**

വൈവിധ്യമാർന്ന സംസ്കാരങ്ങൾ അനുഭവിക്കുന്നതിനും ലോകമെമ്പാടുമുള്ള ആളുകളെ കണ്ടുമുട്ടുന്നതിനുമുള്ള ആകർഷണം കേരള വിദ്യാർത്ഥികളെ വിദേശത്തേക്ക് നയിക്കുന്ന ഒരു പ്രധാന ഘടകമാണ്. വ്യത്യസ്ത വീക്ഷണങ്ങളിലേക്കും ജീവിത രീതികളിലേക്കും ഉള്ള തുറന്ന കാഴ്ച അവരുടെ ആഗോള വീക്ഷണവും ആശയവിനിമയ കഴിവുകളും വർദ്ധിപ്പിക്കുന്നു. ലണ്ടൻ, ടൊറന്റോ പോലുള്ള അന്താരാഷ്ട്ര നഗരങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള വ്യക്തികളുമായി ഇടപഴകാനും കൂടുതൽ ഉൾക്കൊള്ളുന്ന ലോകവീക്ഷണം വളർത്തിയെടുക്കാനും അവസരമുണ്ട്.

**4. ഗവേഷണ ധനസഹായവും സ്കോളർഷിപ്പുകളും:**

പല വിദേശ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്ന സ്കോളർഷിപ്പുകളും ഫണ്ടിംഗ് അവസരങ്ങളും വിദ്യാർത്ഥികൾക്ക് വാഗ്ദാനം ചെയ്യുന്നു. ഈ സാമ്പത്തിക സഹായങ്ങൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്ക് നേടുന്നതിന് സഹായകരമാകുന്നു. അതോടൊപ്പം, നമ്മുടെ നാട്ടിലെ ബാങ്കുകളും വിദേശ പഠനത്തിന് വായ്പ നൽകുന്നതിന് വിമുഖത കാണിക്കുന്നില്ല. ഇത് മൂലം താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക ഭാരം പ്രശ്നമാകുന്നില്ലെന്ന് കാണാം.

**5. പഠനാനന്തര ജോലിയും ഇമിഗ്രേഷൻ അവസര ങ്ങളും**

നിരവധി രാജ്യങ്ങൾ അന്തർദേശീയ വിദ്യാർത്ഥികൾക്ക് പഠനത്തിനുശേഷം വർക്ക് വിസകളും ഇമിഗ്രേഷനിലേക്കുള്ള വഴികളും വാഗ്ദാനം ചെയ്യുന്നു. പ്രവൃത്തിപരിചയം നേടാനും വിദേശത്ത് സ്ഥിരതാമസമാക്കാനും ആഗ്രഹിക്കുന്ന കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഇത് നിർണായക ഘടകമാണ്. കാനഡപോലുള്ള രാജ്യങ്ങൾ പോസ്റ്റ്-ഗ്രാജുവേഷൻ വർക്ക് പെർമിറ്റ് (പി.ജി.ഡബ്ല്യു.പി.) പ്രോഗ്രാം നൽകുന്നു. ബിരുദാനന്തരം മൂന്നുവർഷം വരെ ജോലി ചെയ്യാൻ വിദ്യാർത്ഥികളെ അനുവദിക്കുന്നു. പഠനത്തിന് ശേഷം, നൈപുണ്യ വികസനത്തിന് ഇത് വിദ്യാർത്ഥികൾക്ക് കൃത്യമായ അവസരം നൽകുന്നു.

**6. വിദ്യാർത്ഥി കുടിയേറ്റത്തിന്റെ അനന്തരഫലങ്ങൾ**

കേരളത്തിലെ വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റം നൂതന വിദ്യാഭ്യാസത്തിലേക്കും വിദേശത്ത് തൊഴിൽ സാധ്യതകളിലേക്കും പ്രവേശനം സാധ്യമാക്കിയിട്ടുണ്ടെങ്കിലും, അതിന്റെ അനന്തരഫലമായി സാമൂഹിക-സാമ്പത്തിക ഘടനയിൽ ചില വെല്ലുവിളികൾ ഉയർത്തുന്നുണ്ട്.

സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവാക്കളിൽ ഗണ്യമായ ഒരു ഭാഗം വിട്ടുപോകുന്നത് ബൗദ്ധിക വിഭവങ്ങളുടെ ചോർച്ചയ്ക്കും ആരോഗ്യ സംരക്ഷണം, സാങ്കേതികവിദ്യ തുടങ്ങിയ സുപ്രധാന മേഖലകളിലെ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ നഷ്ടത്തിനും കാരണമായി. ഈ അനന്തരഫലങ്ങൾ, കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലയിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതായി മനസ്സിലാക്കാം. കേരളത്തിലെ വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചുള്ള ഉദാഹരണങ്ങളുള്ള അഞ്ച് പ്രധാന പ്രധാന കാര്യങ്ങൾ എന്തെന്ന് പരിശോധിക്കാം.

**മസ്തിഷ്ക ചോർച്ച**

കേരളത്തിലെ വിദ്യാർത്ഥികൾ മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറുന്നത് മസ്തിഷ്ക ചോർച്ചയിലേക്ക് നയിച്ചേക്കാം. ഇതുമൂലം, നിലവിൽ കേരളം മികച്ച നിൽക്കുന്ന ആരോഗ്യ, ശാസ്ത്ര സാങ്കേതിക മേഖലയിൽ വിദഗ്ധരായ പ്രൊഫഷണലുകളുടെ കുറവ് സമീപഭാവിയിൽ തന്നെ അനുഭവവേദ്യമായേക്കാം. മെച്ചപ്പെട്ട അവസരങ്ങൾ തേടുന്ന യുവതലമുറയ്ക്ക് വിദേശത്തെ ആകർഷകമായ തൊഴിൽ സാധ്യതകളും ജീവിത ശൈലികളും മുന്നിൽ നിൽക്കുമ്പോൾ തെരഞ്ഞെടുപ്പിന് ആശയക്കുഴപ്പം ഉണ്ടാവുകയില്ല.

**ജനസംഖ്യാപരമായ അസന്തുലനം:**

യുവതലമുറയുടെ കുടിയേറ്റം കേരളത്തിന്റെ ജനസംഖ്യാ ഘടനയിൽ മാറ്റങ്ങൾ വരുത്താം. മെച്ചപ്പെട്ട തൊഴിൽ സാധ്യതകൾക്കായി ധാരാളം യുവാക്കൾ പോയാൽ, സംസ്ഥാനത്തെ ജനസംഖ്യയിൽ കൂടുതലും പ്രായമായ വിഭാഗത്തിലേക്ക് ചുരുങ്ങും. ഇത് തൊഴിൽ ശക്തിയെയും മൊത്തത്തിലുള്ള സാമൂഹിക ചലനാത്മകതയെയും ബാധിച്ചേക്കാം. അതോടൊപ്പം, ജനന നിരക്കിൽ ഉണ്ടാവുന്ന മാറ്റവും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. നിലവിൽ, പ്രവാസികൾ കൂടുതലുള്ള പത്തനംതിട്ട ജില്ലയിൽ നെഗറ്റീവ് ജനന നിരക്കാണ് രേഖപ്പെടുത്തുന്നത്, കേരളത്തിന്റെ മറ്റു ജില്ലകളിലേക്കും വ്യാപിക്കുവാൻ അധികം കാലം വേണ്ടി വരികയില്ല. അതോടൊപ്പം, സാമൂഹിക ക്ഷേമ സംവിധാനങ്ങൾ, ആരോഗ്യ സംരക്ഷണം, പെൻഷൻ പദ്ധതികൾ എന്നിവയിലും ഇത് രാജ്യത്തിന് വൻ ബാധ്യതയാകുവാൻ കാരണമാകും.

**സാമ്പത്തിക ആഘാതം:**

വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിനോ തൊഴിലവസരത്തിനോ വേണ്ടി പോകുമ്പോൾ ഉണ്ടാകുന്ന കുടിയേറ്റം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ സാരമായി ബാധിക്കും. ഇത് ചെലവുകളിലും നികുതി വരുമാനത്തിലും കുറവുണ്ടാക്കും. നിലവിൽ ഗൾഫ് രാജ്യങ്ങളിൽ നിന്ന് പ്രവാസികൾ അയക്കുന്ന കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയ്ക്ക് നൽകുന്ന സ്ഥിരത വ്യക്തമാണ്. എന്നാൽ, പുതുതലമുറ ഗൾഫ് രാജ്യങ്ങളെ ഒഴിവാക്കി യൂറോപ്യൻ രാജ്യങ്ങളെയും ഓസ്ട്രേലിയ പോലെയുള്ള രാജ്യങ്ങളെയുമാണ് കൂടുതലായി തെരഞ്ഞെടുക്കുന്നത് മൂലം അവിടുത്തെ ജീവിതവുമായി ഇഴുകിച്ചേരുവാൻ ആണ് അവർക്ക് താല്പര്യം. അത് കേരളത്തിന്റെ സ്വന്തം വ്യവസ്ഥയെയും ഒപ്പം പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വരുമാനത്തെയും ബാധിച്ചേക്കാം.

**പ്രാദേശിക വിഭവങ്ങളുടെ ദുർവിനിയോഗം**

വിദ്യാർത്ഥികളുടെ കുടിയേറ്റം കേരളത്തിൽ ലഭ്യമായ വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യങ്ങളുടെ ഉപയോഗശൂന്യതയിലേക്ക് നയിച്ചേക്കാം. ഇതുമൂലം, അധ്യാപകർക്ക് പലർക്കും തൊഴിൽ നഷ്ടവും അവസര നഷ്ടവും ഉണ്ടാകും. ഈ ദുർവിനിയോഗം സംസ്ഥാനത്തിന്റെ സ്വന്തം സ്ഥാപനങ്ങളുടെയും വ്യവസായങ്ങളുടെയും വളർച്ചയ്ക്കും വികസനത്തിനും തടസ്സമാകും. വ്യവസായങ്ങളുടെ തളർച്ച വിപണിയിലേക്കും അതോടൊപ്പം കേരളത്തിന്റെ സാമ്പത്തിക ഭദ്രതയിലേക്കും ദോഷകരമായി പ്രതിഫലിക്കും.

**ബൗദ്ധിക മൂലധനത്തിന്റെ നഷ്ടം**

വൈദഗ്ധ്യമുള്ള വിദ്യാർത്ഥികൾ കുടിയേറുമ്പോൾ, പ്രാദേശിക ഗവേഷണം, സാങ്കേതികവിദ്യ, സംരംഭകത്വം എന്നിവയിൽ അവർക്ക് സംഭാവന ചെയ്യാമായിരുന്ന നവീകരണവും ബൗദ്ധിക മൂലധനവും കേരളത്തിന് നഷ്ടമാകും. ആഗോളതലത്തിൽ നവീകരിക്കാനും മത്സരിക്കാനുമുള്ള സംസ്ഥാനത്തിന്റെ കഴിവിനെ ഇത് ഗണ്യമായി ബാധിക്കുന്നു. കഴിവുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം വിവിധ മേഖലകളിൽ കഴിവുള്ള നേതാക്കന്മാരെ കേരളത്തിന് നഷ്ടപ്പെടുത്തും.

ഉപസംഹാരമായി, കേരളത്തിലെ വിദ്യാർത്ഥികളുടെ കുടിയേറ്റം ദൂരവ്യാപകമായ സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങളുള്ള ഒരു ബഹുമുഖ പ്രശ്നത്തെ അവതരിപ്പിക്കുന്നു. മികച്ച വിദ്യാഭ്യാസ അവസരങ്ങൾ തേടുന്നത് അഭിനന്ദനാർഹമായ കാര്യമാണെങ്കിലും, യുവ പ്രതിഭകളുടെ പലായനം സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയിൽ ശൂന്യത സൃഷ്ടിച്ചു, പ്രാദേശിക വികസനത്തിന് തടസ്സമായി നിൽക്കും. തത്ഫലമായി, തൊഴിലില്ലായ്മ വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ നവീകരണത്തിനുള്ള സാധ്യതകളെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന്, കേരളത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ സാധ്യതകൾക്കും ഊന്നൽ നൽകുന്ന ഒരു സമതുലിതമായ സമീപനം അത്യന്താപേക്ഷിതമാണ്.



വെരി. റവ. ബെസലേൽ റമ്പാൻ

# താപസ സൗകുമാര്യം

പക്വതയാർന്ന മനസ്സിന്റെ സഹിഷ്ണുതയും സൗമ്യതയും സഹജമായ നിഷ്കളങ്കതയും ഒത്തിണങ്ങിയ ശ്രേഷ്ഠ വ്യക്തിത്വമായിരുന്നു അഭിവന്ദ്യ സക്കറിയ മാർ അന്തോണിയോസ് തിരുമേനി. 'സക്കറിയ' എന്ന പദത്തിന് ദൈവം ഓർക്കുന്നു (God Remembers) എന്ന അർത്ഥമുണ്ട്. അന്തോണിയോസ് എന്ന പദത്തിന് 'അമൂല്യമായ' എന്നർത്ഥമുണ്ട്. ദൈവ ദൃഷ്ടിയിലുള്ള, ദൈവത്തിന്റെ ഓർമ്മയിലുള്ള അമൂല്യ വ്യക്തിത്വം ആയിരുന്നു അഭിവന്ദ്യ തിരുമേനി. ദൈവത്തിന്റെ ഓർമ്മയിൽ ഉള്ളവൻ ഇരിക്കുന്നതും ചരിക്കുന്നതും ആലോചിക്കുന്നതും ദൈവഹിത പ്രകാരം ആയിരിക്കും. അത്തരം വ്യക്തിത്വങ്ങൾക്ക് ലോകഹിത പ്രകാരം ചരിക്കുവാനും ചിന്തിക്കുവാനും പലപ്പോഴും സാധിച്ചെന്നു വരികയില്ല. അഭിവന്ദ്യ അന്തോനിയോസ് തിരുമേനിയുടെ ജീവിതം അതിനൊരു പ്രകടമായ ഉദാഹരണമാണ്.

**ചെറിയ കാര്യങ്ങളുടെ തമ്പുരാൻ**

അരുന്ധതി റോയിയുടെ ബുക്കർ പ്രൈസ് നേടിയ ഒരു ഗ്രന്ഥത്തിന്റെ പേരാണ് ഈ തലക്കെട്ട്. (The God of small things). അഭിവന്ദ്യ തിരുമേനിയെ ഏറ്റവും ലളിതമായി വിലയിരുത്തുവാൻ ഈ തലക്കെട്ട് കടം കൊള്ളുകയാണ്. നമ്മുടെ കർത്താവിനെ വിലയിരുത്തുവാൻ സുറിയാനി പിതാക്കന്മാർ 'ചെറുതായോനാം വലിയവൻ എന്ന പദം ഉപയോഗിക്കാറുണ്ട്. ഒരു മനുഷ്യന് എത്ര ത്തോളം ചെറുതാകാൻ സാധിക്കുമോ അത്രത്തോളം ചെറുതാക്കി കാണിക്കുവാൻ അഭിവന്ദ്യ തിരുമേനിക്ക് സാധിച്ചു. ചിന്തയിലും വാക്കുകളിലും പ്രവർത്തികളിലും ആലോചനകളിലും 'വലിപ്പത്തിലെ ചെറുപ്പം' അദ്ദേഹം കാണിച്ചു. തന്റെ രക്ഷകന്റെ മനുഷ്യാവതാരത്തിലെ വെറുമയുടെ അനുഭവം (Kenosis) ആധുനിക സമൂഹത്തിന് കാണിച്ചു കൊടുത്ത ഉത്തമ ഗുരുവര്യൻ ആയിരുന്നു അഭിവന്ദ്യ തിരുമേനി. കാപട്യം ഇല്ലാത്ത പുഞ്ചിരിയും ആടയാഭരണങ്ങൾ ഇല്ലാത്ത ജീവിതശൈലിയും ഉപദേശങ്ങളിലെ ലാളിത്യവും ചെറിയ കാര്യങ്ങളിലെ തമ്പുരാനായി അഭിവന്ദ്യ തിരുമേനിയെ ഉയർത്തി കാണിക്കുന്നു. പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമിപ്പിക്കുന്നതുപോലെ 'അമൂല്യമായ കൃപദാനങ്ങൾ മൺകൂടാരങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നു' എന്ന സത്യം' തിരുമേനിയുടെ ശാന്തവും ലളിതവും സൗമ്യവുമായ ജീവിതത്തിലുടനീളം ദർശിക്കാം. തന്റെ

രക്ഷകന് വേണ്ടി ചെറുപ്പത്തെ വലിപ്പമായി കണ്ട പിതാവിന്റെ ദർശനം നമുക്ക് വഴികാട്ടി ആകട്ടെ.

**സാവധാനത്തിൽ ഉരുവായ മൃദുസ്വരം (1 രാജാ.19:12)**

ഹോറേബിൽ വച്ച് ഏലിയാ പ്രവാചകന് ദൈവ ദർശനം ഉണ്ടായപ്പോൾ 'ഇതാ യഹോവ കടന്നുപോകുന്നു' എന്ന അരുളപ്പാടിനെ തുടർന്ന് കൊടുങ്കാറ്റ്, തീ, ഭൂകമ്പം എന്നീ പ്രതിഭാസങ്ങൾ ഉണ്ടായി. ഈ മൂന്ന് പ്രതിഭാസങ്ങളിലും ദൈവം ഇല്ലായിരുന്നു. തുടർന്ന് സാവധാനത്തിൽ ഒരു മൃദുസരം ഉണ്ടായി. അതിൽ ദൈവം ഉണ്ടായിരുന്നു. 1989 ൽ പത്തനംതിട്ടയിൽ വച്ച് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ സ്ഥാനാർത്ഥിയായിരുന്ന W.A. ചെറിയാൻ എന്ന വൈദികനെപ്പറ്റി ആർക്കും അധികം മുൻവിധികൾ ഇല്ലായിരുന്നു. കൊടുങ്കാറ്റിന്റെ തീവ്രതയും ഭൂകമ്പത്തിന്റെ ശക്തിയും അഗ്നിയുടെ ജ്വലനശക്തിയും ഒന്നുമില്ലാത്ത സ്വതവേ സാധുവായ ചെറിയാനച്ചന്റെ തിരഞ്ഞെടുപ്പ് തന്നെ ഒരു നിയോഗമായിരുന്നു. തന്റെ ജീവിതത്തിൽ ഉടനീളം ആ മൃദുസ്വരത്തിലെ ദൈവസാന്നിധ്യം അദ്ദേഹം തിരിച്ചറിഞ്ഞു. മൃദുസ്വരത്തിലെ ദൈവസാന്നിധ്യത്തിന്റെ ആഴവും പരപ്പും അദ്ദേഹം പഠിപ്പിച്ചു. ശബ്ദരഹിതമായ ഒരു സംവേദന ശൈലി അദ്ദേഹത്തിന് ഉണ്ടായിരുന്നു. എല്ലാവരും സ്വയം മിടുക്കന്മാർ ആകുവാൻ ഓടുമ്പോൾ സ്വയം മാറിക്കൊടുത്ത് മണ്ടനെയും മിടുക്കൻ ആക്കുവാനുള്ള പണിശാലയിൽ ആയിരുന്നു അദ്ദേഹം. പല കാര്യങ്ങളെപ്പറ്റിയും അഗാധ പാണ്ഡിത്യം ഉണ്ടായിട്ടും ഉപദേശകനാകുവാൻ ആഗ്രഹിക്കാതെ കേൾവിക്കാരന്റെ നിലയിലേക്ക് അദ്ദേഹം സ്വയം മാറിനിന്നു. പലരും അനേകം ഗ്രന്ഥങ്ങളിലൂടെയും മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന ഉപദേശങ്ങളിലൂടെയും സംവേദിപ്പിച്ചവ തിരുമേനി സഹജമായ ഒരു പുഞ്ചിരിയിലൂടെ ഒരു വാക്കിലൂടെ സംവേദിപ്പിച്ചു. കോപിഷ്ഠൻ ആകേണ്ട സാഹചര്യങ്ങളിലും മൃദുസ്വരത്തിലൂടെ അത്തരം സാഹചര്യങ്ങളെ അദ്ദേഹം തരണം ചെയ്തു.

**പരമാർത്ഥമുള്ള മാടപ്രാവ്, പാതിവൃത്യമുള്ള ചങ്ങാലി, വാത്സല്യ പക്ഷി**

പാമ്പാക്കുട നമസ്കാരത്തിലെ അനുതാപത്തിന്റെ പ്രാർത്ഥനയിൽ 'ഞങ്ങളെ നിന്റെ കൂട്ടിലെ പരമാർത്ഥമുള്ള മാടപ്രാവ് ആയിട്ടും നിന്റെ ഭവനത്തിലെ പാതിവൃത്യമുള്ള ചെങ്ങാലിയായിട്ടും നിന്റെ ബലിപീഠത്തിന്റെ അരികെ വസിക്കുന്ന വാത്സല്യ പക്ഷിയായിട്ടും ആക്കി തീർക്കണമേ' എന്ന് നാം പ്രാർത്ഥിക്കാറുണ്ട്. പഴയ നിയമ കാലഘട്ടത്തിൽ മാടപ്രാവും ചങ്ങാലിയും ഒക്കെ ബലി വസ്തുക്കൾ ആയിരുന്നു. അബ്രഹാമിന്റെ ബലിയെ സ്വീകരിക്കുവാനായി ഇറങ്ങിവന്ന റാഞ്ചൻ പക്ഷിയെപ്പറ്റി നാം തിരുവചനത്തിൽ വായിക്കുന്നു. ആരാധനയുടെ മഹത്വവും അർത്ഥവും വ്യാപ്തിയും അറിഞ്ഞ് ആരാധിക്കുക എന്നുള്ളത് ഭാഗ്യകരമായ ഒരു വസ്തുതയാണ്. ആരാധനയും പ്രാർത്ഥനയും ഭക്തിയും അലങ്കാരമാക്കാതെ അതിന്റെ സത്ത തിരിച്ചറിഞ്ഞ് സമീപിക്കുവാൻ എല്ലാവർക്കും സാധിക്കുകയില്ല. മാടപ്രാവിന്റെ പരമാർത്ഥതയും ചങ്ങാലിയുടെ പാതിവൃത്യവും വാത്സല്യ പക്ഷിയുടെ വിശുദ്ധ ബലിപീഠത്തോടുള്ള അഭിനിവേശവും അഭിവന്ദ്യ അന്തോണിയോസ് തിരുമേനിയിൽ ദർശിക്കാം. ചരിത്രവും പാരമ്പര്യവും നിഷ്ഠയോടുള്ള ആരാധനയും പശ്ചാത്താപ പൂരിതമായ ജീവിത ശൈലിയും അദ്ദേഹം പിന്തുടർന്നിരുന്നു. പൂർവികരിൽ നിന്നും ഗുരുവര്യന്മാരിൽ നിന്നും അദ്ദേഹം സ്വായത്തമാക്കിയ സഭാ ജീവിത ദർശനം അദ്ദേഹത്തെ വ്യതിരിക്തൻ ആക്കി. ആരാധനയിലെയും കൂദാശകളിലെയും ഓരോ പദങ്ങളെ പറ്റിയും ഹൃദ്യമായ വിശകലനങ്ങൾ അദ്ദേഹം നടത്തി. അദ്ദേഹം അനുഷ്ഠിച്ചിരുന്ന ശുശ്രൂഷകൾ ഓരോന്നും ഭക്തിയും സത്തയും ഒത്തിണങ്ങിയത് ആയിരുന്നു.

**കുഞ്ഞു മനസ്സിന്റെ 'കുഞ്ഞു' വിളി**

തിരുമേനിയെ സമീപിച്ചിരുന്ന പലരെയും ഹൃദ്യമായി ' കുഞ്ഞേ' എന്ന് അദ്ദേഹം വിളിച്ചിരുന്നു. ഏതു പ്രതിസന്ധിയുമായി കടന്നുചെന്നവരും ആ വിളിയിൽ എല്ലാം മറന്ന് നിന്നു പോകുമായിരുന്നു. പരസ്പരം ബഹുമാനമില്ലാതെ വരുന്നവരെ നിന്ദയോട് കാണുന്ന ഈ ലോകത്ത് ഇത്തരം വ്യക്തിത്വങ്ങളുടെ ഓർമ്മ തന്നെ അത്ഭുതമാണ്. അതിഥികളെയും ആശ്രിതരെയും ബാധ്യതയായി കാണുന്ന ഈ കാലഘട്ടത്തിൽ ഉയർച്ച താഴ്ചകൾ നോക്കാതെ അവരെ സ്നേഹിച്ചിരുന്ന, സ്നേഹാദരവുകളോടെ അവരെ വീക്ഷിച്ചിരുന്ന തിരുമേനിയുടെ ജീവിതവും സാക്ഷ്യവും അടുത്ത തലമുറയ്ക്ക് ഒരു പാഠപുസ്തകമാണ്. ' നല്ല മനസ്സിൽ നിന്നും നല്ലത് പുറപ്പെടുന്നു' എന്ന നമ്മുടെ കർത്താവിന്റെ തിരുവചനം അഭിവന്ദ്യ തിരുമേനിയുടെ ജീവിതത്തിൽ അർത്ഥവത്താണ്. കുഞ്ഞു മനസ്സിന്റെ നിഷ്കളങ്കത നിറഞ്ഞു നിൽക്കു

ന്നതിനാൽ അദ്ദേഹത്തിന്റെ സംഭാഷണത്തിലും ശിശുക്കളോട് എന്നവണ്ണം തന്നെ സമീപിക്കുന്നവരോട് അദ്ദേഹം സംസാരിച്ചിരുന്നു. ആരെക്കുറിച്ചും എന്തിനെക്കുറിച്ചും ഒരു പരാതിയും ഇല്ലാതെ എല്ലാറ്റിലെയും നന്മകളെ കുറിച്ച് അദ്ദേഹം വാചാലനാകുമായിരുന്നു.

**താപസ സൗകുമാര്യം**

സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധനായ അന്തോണിയോസ് സന്യാസപ്രസ്ഥാനത്തിന്റെ പിതാവ് ആയിരുന്നു. "The Life Of Saint Antony" എന്ന അദ്ദേഹത്തെ പറ്റിയുള്ള ഗ്രന്ഥം അന്തോന്നിയോസ് പിതാവിന്റെ താപസനിഷ്ഠകളെ പറ്റി വിശദമാക്കുന്നു. ആദിമ കാലഘട്ടത്തിൽ അനേകരെ ഈ ഗ്രന്ഥം ആകർഷിച്ചിരുന്നു. ആ സന്യാസ പിതാവിന്റെ നാമം സ്വീകരിച്ച അഭിവന്ദ്യ പിതാവ് ഒരു തികഞ്ഞ താപസന്റെ എല്ലാ ഗുണങ്ങളും പ്രകടമാക്കിയിരുന്നു. മെത്രാപ്പോലീത്ത ആയിരുന്നപ്പോഴും ആ താപസനിഷ്ഠയ്ക്ക് അദ്ദേഹം കുറവ് വരുത്തിയില്ല. ആസക്തിയിൽ നിന്നും അതിഭക്ഷണത്തിൽ നിന്നും ആഢംബരത്തിൽ നിന്നും അദ്ദേഹം ഒഴിഞ്ഞുമാറി. ഈ പുതിയ നൂറ്റാണ്ടിലും താപസമഹിമയ്ക്ക് കോട്ടം തട്ടാതെ അദ്ദേഹം പ്രവർത്തിച്ചു. യഥാർത്ഥ താപസനായി ഉത്തമനും സത്തമനുമായി അദ്ദേഹം ജീവിച്ചു. മെത്രാപ്പോലീത്ത സ്ഥാനം ഒഴിഞ്ഞതിനുശേഷം തുടർന്നുള്ള ജീവിതത്തെപ്പറ്റി ചിന്താകുലനാകാതെ ശാന്ത ജീവിതം അദ്ദേഹം തിരഞ്ഞെടുത്തു. അദ്ദേഹത്തിന് ആരോടും പരാതിയില്ലായിരുന്നു. ലഭ്യമായതെല്ലാം അധികമാണെന്ന ചിന്തയും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ആധുനിക കാലഘട്ടത്തിന്റെ ഗൂഢാലോചനകളിൽ നിന്നും രാഷ്ട്രീയത്തിൽ നിന്നും 'വിശകലനാതീതമായ കളികളിൽ' നിന്നും അദ്ദേഹം മാറിനിന്നു. 'ദരിദ്ര ലോകത്തിൽ സമ്പന്നനായി ജീവിക്കുന്നത് തെറ്റാണെന്ന' ഒസ്താത്തിയോസ് തിരുമേനിയുടെ ദർശനം താപസവീക്ഷണത്തോടെ അഭിവന്ദ്യ തിരുമേനി പിന്തുടർന്നു. ആ പുണ്യ താപസന് ഭൗതിക നിക്ഷേപം കുറവായിരുന്നു. ശബ്ദമാധുരിയും ആകർഷണീയതയും കുറവായിരുന്നു. എന്നാൽ സ്വർഗ്ഗീയ നിക്ഷേപത്തിൽ അദ്ദേഹം സമ്പന്നനായിരുന്നു. ആത്മശരീരമനസ്സുകളുടെ പരിപൂർണ്ണ സമർപ്പണത്തിലൂടെ അദ്ദേഹം അർപ്പിച്ച പ്രാർത്ഥനകളും പരിശുദ്ധ ബലികളും ദൈവസന്നിധിയിൽ സൗരഭ്യവാസനയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

അഭിവന്ദ്യ തിരുമേനിയുമായി എനിക്കും എന്റെ അപ്പച്ചനും (പരേതനായ ഉള്ളന്നൂർ മേട്ടുപ്പറമ്പിൽ പി. എം. വർഗീസ്) വ്യക്തിപരമായ ഒരു വലിയ അടുപ്പം ഉണ്ടായിരുന്നു. പ്രാർത്ഥനാ മനുഷ്യനായ ആ പിതാവിന്റെ സാമീപ്യം ഒരു വലിയ ആശ്വാസമായിരുന്നു.

'അത്യുന്നതന്റെ മറവിൽ' എന്ന അർത്ഥമുള്ള 'ബസലേൽ' എന്ന പദത്തെ പറ്റി അഭിവന്ദ്യ തിരുമേനി ഒരിക്കൽ എന്നോട് കൽപ്പിച്ചു:

'കുഞ്ഞേ, ഈ ലോകത്തിൽ ഒരു മറവു മാത്രമേ ഉള്ളൂ. അത് അത്യുന്നതന്റെ മറവാണ്. മറ്റാരുടെയോ എന്തിന്റെയോ മറവിൽ ആകുവാൻ ആഗ്രഹിക്കരുത്. അത്യുന്നതന്റെ മറവിൽ നിന്ന് മാറിപ്പോകുവാനും ആഗ്രഹിക്കരുത്. ആ മറവിൽ ആയിരിക്കുന്നിടത്തോളം നാം സുരക്ഷിതരായിരിക്കും'.

അഭിവന്ദ്യ തിരുമേനിയെപ്പറ്റിയുള്ള സ്മരണ പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും സൗമ്യരാകുവാനും ഭാവിയെപ്പറ്റിയുള്ള വ്യാകുലത മറക്കുവാനും നമ്മെ പ്രേരിപ്പിക്കും.

# എ ലെവൽ പരീക്ഷയിൽ സഹോദരങ്ങൾക്കു മിന്നും വിജയം

യുകെയിൽ എ ലെവൽ പരീക്ഷ ഫലം പ്രസിദ്ധീകരിച്ചപ്പോൾ അനിൽ മാത്യുവിന്റെയും ജിസ്മി അനിലിന്റെയുംട മക്കൾ ജെസീക്ക മാത്യു, റയാൻ അനിൽ മാത്യു എന്നിവർ മികച്ച വിജയം കരസ്ഥമാക്കി. റയാൻ മാത്തമാറ്റിക്സ്, ഫർദർ മാതസ്, ഫിസിക്സ് എന്നിവയിൽ എ സ്റ്റാർ ഗ്രേഡുകൾ കരസ്ഥമാക്കി. ജെസീക്ക പൊളിറ്റിക്സ്, ഹിസ്റ്ററി, തിയോളി, ഫിലോസഫി എന്നിവയിൽ മൂന്ന് എ ഗ്രേഡുകൾ നേടിയത്. ഇരുവരും പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്‌സ് വലിയ പള്ളിയിലെ കോലടത്തേത്ത് രാജ് നിവാസിൽ കെ.വി. മാത്യുവിന്റെയും അച്ചാമ്മ മാത്യുവിന്റെയും കൊച്ചുമക്കളാണ്.



ജിസ്മ യു.കെ.

# നാടോർമ്മ

നമുക്കേറ്റവും സന്തോഷം തരുന്ന നിമിഷങ്ങളാണ് കാലങ്ങൾ കഴിയുമ്പോൾ ഗൃഹാതുരതയായി നമുക്കുള്ളിൽ കൂടു കൂട്ടുന്നത്. ആ കൂടിനുള്ള വള്ളിപ്പടർപ്പുകൾ ഓർമ്മകളായി കാലങ്ങളോളം നമുക്കുള്ളിൽ തന്നെയുണ്ടാകും, കാലപ്പഴക്കത്തിൽ അവ തുന്നിക്കൂട്ടാനുള്ള പാടവം അനുഭവങ്ങളിലൂടെ നമുക്ക് വന്നു ചേരും. കുട്ടികളായിരിക്കുമ്പോൾ ചെയ്യുന്ന, അറിയുന്ന, അനുഭവിക്കുന്ന പല കാര്യങ്ങളും ബോധപൂർവ്വമല്ലാതെ നമുക്കുള്ളിൽ തന്നെ ഉറഞ്ഞു കൂടുന്നുണ്ട്.

ഇത് വായിക്കുന്ന ഓരോരുത്തരുടെയും ജീവിതത്തിലെ കുട്ടിക്കാല അനുഭങ്ങളിൽ ഏറ്റവും തെളിഞ്ഞു നിൽക്കുന്നതെന്ന് ഓർത്തെടുക്കാൻ ഒരു ശ്രമം നടത്തിയാൽ, ഉറപ്പായും അവരവരുടെ ഇടവക പള്ളി അതിന്റെ ഏറ്റവും മുൻപിലുണ്ടാകും. ക്രിസ്തുമസ് കരോളുകളിലൂടെ, പള്ളി പെരുന്നാളുകളിലൂടെ, ഹാശാ ആഴ്ചയുടെ ശുശ്രൂഷകളിലൂടെ, എത്രയെത്ര ഓർമ്മകളിലൂടെ ആ ശ്രമത്തിനു വിളക്കു തെളിയിച്ചു കൊണ്ട് ആ അനുഭവങ്ങൾ ആ ഓർമ്മകൾക്കൊപ്പം ഉണ്ടാവുക.

എന്റെ ഏറ്റവും നല്ല കുട്ടിക്കാല ഓർമകളെല്ലാം ഞങ്ങളുടെ പള്ളിയും ഞായറാഴ്ചകളും വിശേഷ ദിവസങ്ങളും നിറഞ്ഞതാണ്. പള്ളിയുടെ അടുത്ത് വീടുണ്ടാവുകയെന്നാൽ അവിടത്തെ എല്ലാ വിശേഷങ്ങളും ശബ്ദങ്ങൾ കൊണ്ട് ആദ്യമറിയുക എന്ന് കൂടിയാണ്. ഞങ്ങളുടെ ഞായറാഴ്ച രാവിലെകൾ എല്ലായ്പ്പോഴും തുടങ്ങുക യഹൂദിയായിലെ ഒരു ഗ്രാമത്തിൽ എന്ന പാട്ടോടു കൂടിയാണ്, ഞങ്ങളുടെ ദിവസത്തിന്റെ അവസാനമെന്നോണം ഓർമ്മപ്പെടുത്തുന്നത് പള്ളിമണിയും. പള്ളിപ്പെരുന്നാളിന്റെ ചെണ്ടമേളത്തിന്റെ ആദ്യ കോൽ വീഴുമ്പോൾ ഉള്ളിൽ തോന്നുന്ന സന്തോഷത്തിനിന്നും ഒരു പകരമുണ്ടായിട്ടില്ല.

സ്കൂളിൽ പഠിക്കുമ്പോ ബസിറങ്ങി മുൻപോട്ടു നോക്കിയാൽ ഞങ്ങളുടെ കുരിശടി കാണാം.

അവിടം കാണുമ്പോ തോന്നുന്ന ഒരു ആശ്വാസമുണ്ട്, അമ്മച്ചിമാരിൽ നിന്ന് കേട്ട് ഉള്ളിൽ ബലപ്പെട്ടു വരുന്ന വിശ്വാസത്തിന്റെ ഒരു ആശ്വാസം. 'സഹദാ കൂടെയുണ്ട്' എന്ന ധൈര്യം. ഞങ്ങളുടെ പള്ളിയുടെ കാവൽ പിതാവ് സ്തേഫാനോസ് സഹദായാണ്, കാലങ്ങൾ കഴിഞ്ഞപ്പോഴും അവധിക്കു നാട്ടിൽ വരുമ്പോ ആ കുരിശടി കാണുമ്പോ മാത്രമാണ് നാടെത്തി എന്ന ഊഷ്മളമായ ഒരു സുരക്ഷിതത്വം ഉള്ളിൽ തോന്നുക. നമുക്കോരോരുത്തർക്കും അങ്ങനെ തോന്നിപ്പിക്കുന്ന ഒരിടം നമ്മുടെ നാട്ടിലുണ്ടാകും, ഒന്നാലോചിച്ചാൽ അവിടമാണ് എന്റെ നാടോർമ്മ തുടങ്ങുന്ന ഇടം എന്ന് തിരിച്ചറിയുന്ന ഒന്ന്. മനസ്സിരുത്തി ഒന്നാലോചിച്ചു നോക്കൂ. നമ്മുടെ ആ ഇടത്തിന്റെ തുടക്കത്തിൽ നമ്മുടെ വിശ്വാസവുമായി ബന്ധപ്പെട്ട ഒരു കണ്ണിയുണ്ടാകും. ഏതൊരിടത്തും

കുരിശടികൾ കാണുമ്പോഴൊക്കെ എനിക്കത് തോന്നാറുണ്ട്, ആ നാട്ടിലെ ഓരോരുത്തരുടെയും നാടോർമ്മ തുടങ്ങുന്ന ഒരിടമായിരിക്കുമതെന്ന്. ഇത് വായിക്കുന്ന ഓരോരുത്തർക്കുണ്ടാകും ഏതു സന്തോഷത്തിലും കൃതജ്ഞതയോടെയും പ്രതിസന്ധി യിൽ പ്രത്യാശയോടെയും സ്മരിക്കുന്ന ഒരിടം. ദൂരെയായിരിക്കുമ്പോ, നമുക്കേറ്റവും പ്രിയപ്പെട്ട നാട്ടിലു ള്ളവരോട് അവിടൊന്നു ചെന്ന് പ്രാർത്ഥിക്കണേ, പ്രാർത്ഥനയിൽ ഒന്നെഴുതി വയ്ക്കണേ, ഒരു നേർച്ച ഇടണേ എന്ന് വിളിച്ചു പറയുന്ന നമുക്കെന്നൊരിടം. കാതങ്ങളേറെ കടന്നു മറ്റൊരു നാട്ടിൽ വരുമ്പോഴാണ് അതത്രെ പ്രിയപ്പെട്ടതായിരുന്നെന്ന് നമുക്ക് തന്നെ ബോധ്യം വരുന്നത്.

ഈ അടുത്തിടെ ഞാനെന്റെ മോളോട് ചോദിച്ചു, What would you cherish as a memory when you grow up എന്ന്. അവളെന്നോട് പറഞ്ഞ മറുപടിയിൽ അവളുടെ ഞായറാഴ്ചകളുണ്ട്, അവിടെ അവൾ കാണുന്ന മനുഷ്യർ, ആരാധന, ഒത്തുചേരൽ. എനിക്കപ്പോൾ തോന്നി മാതാപിതാക്കൾ ബോധ പൂർവം കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കി കൊടുക്കുന്ന അനുഭവങ്ങളാണ് അവരുടെ പിൽക്കാലത്തെ ഓർമ്മകളെന്നു. അതൊരു വലിയ ഉത്തരവാദിത്വമാണ്. അവരെ നമ്മൾ ശീലിപ്പിച്ചെടുക്കുന്ന പതിവുകൾ, നമ്മൾ അവരെ കൂട്ടികൊണ്ടു പോകുന്ന ഇടങ്ങൾ, അവളിൽ വളർത്തയെടുക്കുന്ന വിശ്വാസങ്ങൾ.

തലമുറകളിലൂടെ നമ്മുടെ പള്ളിയോർമ്മകൾക്ക് രൂപാന്തരം വരുമായിരിക്കും, കാലദേശങ്ങൾക്കനു സരിച്ചതിന്റെ രീതികൾ മാറുമായിരിക്കും, എന്നാലും നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലുള്ള പോലെ വരും തലമുറയും അവരുടെ ഏറ്റവും സന്തോഷമുള്ള ഓർമ്മകളിൽ നമ്മുടെ പള്ളികൾ ഓർക്കും, നമ്മുടെ ശുശ്രൂഷകൾ ഓർക്കും, നമ്മുടെ പെരുന്നാളുകൾ ഓർക്കും. അവരുടെ ജീവിതം രൂപപ്പെടുന്നതിൽ നമ്മുടെ പിതാക്കന്മാർ നമ്മളെ പഠിപ്പിച്ച പാഠങ്ങൾ അവർക്കും ഊർജ്ജം പകരും. അവരുടെ പ്രത്യാശ യുടെ വിളക്കായി, അവരുടെ വിജയങ്ങളുടെ സ്മരണ കളായി നമ്മളവരെ കൂട്ടി കൊണ്ട് പോകുന്ന പള്ളി കൾ അവർക്കു ഭവിക്കട്ടെ. ബോധപൂർവമായ നമ്മുടെ ആ പ്രവൃത്തി നമ്മുടെ കുട്ടികളിലൂടെ കൈമാറട്ടെ, നമ്മുടെ പള്ളികൾ നമ്മുടേതെന്ന പോലെ നമ്മുടെ കുഞ്ഞുങ്ങയുടെയും അവരായിരിക്കുന്ന ഇടങ്ങ ളിൽ നാടോർമ്മകളാവട്ടെ, അവരെ ഏറ്റവും സന്തോഷി പ്പിക്കുന്ന വിശ്വാസത്തിന്റെ നാടോർമ്മ. ✪

## തെശ്രീൻകദീം - ഒക്ടോബർ

1. സ്ലീബാ പെരുന്നാളിനുശേഷം മൂന്നാം ഞായറാഴ്ച. വൈദീക സെമിനാരി ദിനം, അറിയിപ്പുകാരനായ മാർ ആദായി ശ്ലീഹായുടെയും, മാർ അബഹായി സഹദായുടെയും, മാർ മൽക്കേയുടെയും ഓർമ്മ.
2. കരവട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യാസ് മെത്രാപ്പോലീത്തായുടെ 135-ാം ഓർമ്മ (കടുംഗ മംഗലം പള്ളി)
3. വി. ബസ്സേലിയോസ് യൽദോ കാതോലിക്കാ ബാവായുടെ 338-ാം ഓർമ്മ (കോതമംഗലം ചെറിയപള്ളി).
7. മാർ സർഗീസ്, മാർ ബാക്കോസ് എന്നീ സഹദേ ന്മാരുടെ ഓർമ്മ.
8. സ്ലീബാ പെരുന്നാളിനുശേഷം 4-ാം ഞായറാഴ്ച.
12. ചേപ്പാട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് IV മെത്രാപ്പോലീത്തായുടെ 168-ാം ഓർമ്മ (ചേപ്പാട് പള്ളി). യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 43-ാം ഓർമ്മ (പെരുനാട് ബഥനി ആശ്രമം).
14. അലക്സന്ത്രിയായിലെ മാർ അത്താനാസിയോ സിന്റെ ഓർമ്മ.
15. സ്ലീബാ പെരുന്നാളിനുശേഷം അഞ്ചാം ഞായറാ ഴ്ച. താപസനായ മാർ ഓസിയോയുടെ ഓർമ്മ.
18. ഏവൻഗേലിസ്ഥനായ മാർ ലൂക്കോസിന്റെ ഓർമ്മ.
22. സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായറാഴ്ച. അൽഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ. മാർ ബസേലിയോസ് ശക്രള്ളാ മഫ്രിയാനായുടെ 259-ാം ഓർമ്മ (കണ്ടനാട് പള്ളി).
24. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 6-ാം ഓർമ്മ (തടാകം ക്രിസ്തുശിഷ്യ ആശ്രമം, കോയമ്പത്തൂർ).
27. വാങ്ങിപ്പു പെരുന്നാളിനുശേഷം രണ്ടാം ഞായറാഴ്ച.
28. മാർ യോഹന്നാൻ മാംദാനയുടെ ശിരഛേദന ത്തിന്റെ ഓർമ്മ
29. സ്ലീബാ പെരുന്നാളിനുശേഷം ഏഴാം ഞായറാ ഴ്ച.
29. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാ പ്പോലീത്തായുടെ 43-ാം ഓർമ്മ (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).



റവ. ഫാ. തോമസ് ഉമ്മൻ

# ക്രിസ്ത്യാനി (ദൈവവചനമായ ക്രിസ്തുവാഹകൻ)

ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും നിർമ്മിച്ചു. അവന് വിവേകവും സ്വാതന്ത്ര്യവും നൽകി. എന്നാൽ അവൻ അനുസരണക്കേട് എന്ന പാപത്താൽ ആ സാദൃശ്യം നഷ്ടപ്പെടുത്തി. പിന്നീട് അവനെ വീണ്ടും ആ സാദൃശ്യമണിയിക്കാനായി ദൈവം അവരെ തെരഞ്ഞെടുക്കപ്പെട്ട ജാതിയാക്കി. നോഹ, അബ്രഹാം, പന്ത്രണ്ട് ഗോത്രങ്ങൾ, അതിൽ നിന്നും യഹൂദ ഗോത്രം തുടങ്ങിയവരിലൂടെ തന്റെ ദൗത്യങ്ങൾ നിറവേറ്റാൻ ആഗ്രഹിച്ചു. അവ പ്രവാചകന്മാരിലൂടെയും നേരിട്ടുമെല്ലാം ദൈവവചനത്തിലൂടെ വെളിപ്പെടുത്തി. എന്നിട്ടും മനുഷ്യരാശി അതേ വീഴ്ചയുടെ അനുഭവം ആവർത്തിക്കുന്നത് കണ്ട് സ്വപുത്രനെ ലോകത്തിലേക്ക് അയച്ചു. ആ ദൈവപുത്രനായ മിശിഹായുടെ മാതൃകാപരമായ ജീവിതവും കുരിശുമരണവും ഉയിർത്തെഴുന്നേല്പുമാണ് ഇന്ന് ലോകരക്ഷയ്ക്ക് ആവിർഭവമായ സത്യം. എന്നാൽ ദൈവം നമ്മുടെ ബുദ്ധിക്ക് അപ്പുറമായ ഒന്നാണ് എന്ന സത്യം സെറൂഗിലെ മോർ യാക്കൂബിന്റെ വരികളിൽ കാണാം. മനുഷ്യനെന്ന സൃഷ്ടി വീഴ്ചയിൽ അകപ്പെടുമെന്നും ആയതിനാൽ ത്രിത്വത്തിൽ രണ്ടാമാളത്വം അവതരിക്കണമെന്നും ആ അവതരിക്കുന്ന സ്വരൂപം തന്നെയാണ് ആദാമിന് നൽകിയതെന്നും അദ്ദേഹം പറയുന്നു. അപ്പോൾ ദൈവം ഇതെല്ലാം. നേരത്തെ അറിയുന്നതാണെങ്കിൽ പിന്നെ നമ്മുടെ പ്രവർത്തനങ്ങൾ, ആഗ്രഹങ്ങൾ ഇവ എന്തിനെന്ന് തോന്നിപ്പോകാം. Pre-destination എന്ന തത്വത്തിൽ അധിഷ്ഠിതമാണിവ. എന്നിരുന്നാലും മനുഷ്യൻ കേവലം സൃഷ്ടിയാണ് അതോടൊപ്പം ദൈവത്തെപ്പോലെ ആകാനുള്ള (Theosi ദൈവീകരണം) സാധ്യതയും അവനിൽ അടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ വിചാരങ്ങളും വഴികളും നമ്മുടെ വിചാരങ്ങളേക്കാൾ ഉയർന്നതാണെന്നും അവ ആകാശം ഭൂമിക്ക് മീതെ ഉയർന്നിരിക്കുന്നതുപോലെ എന്നും യെശയ്യാ പ്രവാചകൻ വ്യക്തമാക്കുന്നു (യെശയ്യാ 55 :8,9). അപ്പോൾ തന്നെ മനസിലാക്കാം ഭൂമി നമ്മുക്ക് ദൃശ്യമായ ഒന്നാണ് എന്നാൽ ഭൂമിയിൽ നിന്ന് ആകാശം എന്നത് ദൃശ്യമെങ്കിലും അതിനെ വ്യക്തമായി അളക്കുവാനോ അടുത്ത് ചെല്ലുവാനോ സാധിക്കില്ല. എന്തെന്നാൽ അത് അനന്തമാണ്. നാം കാണുന്ന നീലാകാശം അടുക്കുന്തോറും അകലം കൂടി കൂടി കൊണ്ടിരിക്കുന്നതാണ്. അതുപോലെ ദൈവം എന്നത് ഉണ്ടെന്ന് നമുക്കറിയാം എന്നാൽ ആയതിനെ അന്വേഷിക്കുക, അറിയുക എന്നത് പരിമിതം മാത്രം.

ഇയ്യോബ് 26 :14 'എന്നാൽ ഇവ അവന്റെ വഴികളുടെ അറ്റങ്ങളത്രേ നാം അവനെക്കുറിച്ച് ഒരു മന്ദസ്വരമേ കേട്ടിട്ടുള്ളു. അവന്റെ ബലത്തിന്റെ ഇടിമുഴക്കമോ ആർ ഗ്രഹിക്കും?' ഇവിടെയെല്ലാം മനുഷ്യന് അപരിസ്ഥിതനാണോ ദൈവം എന്ന് തോന്നിയേക്കാം. അപ്പോഴാണ് ദൈവം ഓരോ കാലഘട്ടത്തിലും ഓരോരുത്തരെ തന്റെ ദൗത്യത്തിനായി വിളിക്കുന്നത്. ഇസ്രായേല്യരെ രക്ഷിക്കാൻ മോശയും യോശുവയും വിളിക്കപ്പെട്ടതുപോലെ. ദൈവം വചനത്താൽ അവരെ തന്റെ ദൗത്യത്തിലേക്ക് അടുപ്പിക്കുന്നതായി പഴയ നിയമ പുസ്തകങ്ങളിൽ കാണാം. ദൈവവചനത്താൽ ആണ് സകലവും ഉളവായത്.

സങ്കീ 148 :5 ''അവൻ പറഞ്ഞു അവ ഉണ്ടായി,അവൻ കല്പിച്ചു അവ സൃഷ്ടിക്കപ്പെട്ടു......'' ആദിയിൽ ദൈവം സൃഷ്ടികർമ്മം നിർവ്വഹിക്കുമ്പോൾ വി. ത്രിത്വത്താൽ ആണ് അവ സാധ്യമായതെന്ന് ഉല്പത്തിപ്പുസ്തകം ഒന്നാം അദ്ധ്യായത്തിൽ കാണാം.പിതാവാം ദൈവത്തിന്റെ വചനത്താൽ സൃഷ്ടിക്കപ്പെട്ടു. ആ വചനം ആണ് യേശുക്രിസ്തു എന്ന് വി.യോഹ 1 :1 ൽ വ്യക്തമായി വരച്ചുകാട്ടുന്നു. 'ആദിയിൽ വചനമുണ്ടായിരുന്നു വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല. ഇവിടെ പുത്രൻ തമ്പുരാനെ വചനമായി കാണുവാൻ സാധിക്കുന്നു. അതിനോടൊപ്പം വെള്ളത്തിന്മീതെ പരിശുദ്ധാത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നു എന്നും ഉല്പത്തിയിൽ കാണാം. ഇങ്ങനെ ത്രിത്വസാന്നിദ്ധ്യം ഇവിടെ നമുക്ക് വെളിവാകുന്നു.

വി. യോഹന്നാൻ ശ്ലീഹാ, വചനം എന്നതിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ലോഗോസ് എന്നാണ്. ലോഗോസ് അഥവാ വചനം ദൈവമായിത്തീർന്നു. പഴയനിയമത്തിൽ സദൃ 8, ഇയ്യോബിന്റെ പുസ്തകം തുടങ്ങിയവയിൽ കാണുന്ന ജ്ഞാനം എന്നത് ഒരു ആളത്വമായി കാണാൻ കഴിയുന്നു. ആയതിനാൽത്തന്നെ പുതിയ നിയമ ചിന്തകന്മാർ ഈ ജ്ഞാനം അഥവാ വചനം എന്ന ആളത്വത്തെ ത്രിത്വത്തിൽ അധിഷ്ഠിതമായ രണ്ടാം ആളത്വമായ ക്രിസ്തുവായി കരുതുന്നു. ഈ ലോഗോസ് എന്നത് പ്രപഞ്ചത്തിന്റെ ചലനത്തെ നിയന്ത്രിക്കുന്ന ശക്തി എന്നും പറയപ്പെടുന്നു. തത്വചിന്തകന്മാരെ വളരെയേറെ ചിന്തിപ്പിച്ച ഒന്നായിട്ടാണ് ലോഗോസ് എന്ന പദം ചരിത്ര ഏടുകളിൽ അറിയപ്പെടുന്നത്.

ഇതിനു തത്തുല്യമായ പദമാണ് നാം നമ്മുടെ ആരാധനകളിൽ ഉപയോഗിക്കുന്ന മെൽത്തൊ എന്ന സുറിയാനി പദം. വി. ഏവൻഗേലിയോൻ വായനാ സമയത്ത് പുരോഹിതൻ പറയാറുണ്ട് ''മെൽത്തൊ ദ് ഹായെ ദ്ആലോഹോ ദെസ്ബാസാർ'' ശരീരം ധരിച്ച് ദൈവത്തിന്റെ ജീവനുള്ള വചനവും'... അതോടൊപ്പം മോർ സേവേറിയോസിന്റെ മാനീസയിൽ നാം പാടുന്നുണ്ട് ''നിൻ മാതാവ് വിശുദ്ധന്മാർ...... സ്വർഗ്ഗ പിതാവിൻ ഏക സുതി വചനമതാം രാജാധീശ നിന്നെ വാഴ്ത്തും ഞാൻ..... ഇവിടെയെല്ലാം വചനം ആണ് ജഡമെടുത്തു യേശുക്രിസ്തുവായി അവതരിച്ചതെന്നു വ്യക്തമാക്കുന്നു. മെൽത്തൊ എന്നതിന് സംസാരിക്കപ്പെടുന്ന വചനം എന്നും സംസാരിക്കപ്പെടാതെ ബുദ്ധിയിൽ സ്ഥിതിചെയ്യുന്ന ആന്തരിക ശക്തി എന്നെല്ലാം പറയുന്നു. അഞ്ചാം നൂറ്റാണ്ടിലുണ്ടായ പല വേദശാസ്ത്രങ്ങളും വേദവിപരീതങ്ങളും ഇതിനെ ചൊല്ലിയായിരുന്നു എന്നും വചനം ജഡമായിത്തീർന്ന ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യോജിപ്പിനെപ്പറ്റിയും ആയിരുന്നു എന്നും സഭയുടെ ക്രിസ്തുശാസ്ത്ര പണ്ഡിതനായിരുന്ന വി. സി . ശാമുവേൽ അച്ചൻ യേശുക്രിസ്തു ആര് ?'എന്ന തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു.

According to St Athanasius of Alexandria "Word become flesh is interpreted as the word has become man and not as the word has entered into a man"

Tertullian says "the governing principle in Jesus is the word" പിതാവാം ദൈവത്തിന്റെ വചനമാണ് ക്രിസ്തു എന്ന് ഇവിടെയെല്ലാം നമുക്ക് കാണാം. ദൈവവചനം പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയും ന്യായാധിപന്മാരിലൂടെയും ജനങ്ങൾക്ക് മാർഗ്ഗനിർദേശിയായി വന്നിട്ടും മനുഷ്യരാശി നഷ്ടമാകുന്നത് കണ്ടു തന്റെ അചഞ്ചല സ്നേഹത്താൽ ദൈവവചനമാകുന്ന പുത്രൻ തമ്പുരാൻ തന്നെ ലോകത്തിലേക്കു അയയ്ക്കപ്പെട്ടു 'on the incarnation of the word' എന്ന ഗ്രന്ഥത്തിൽ മോർ അത്താനാസിയോസ് പറയുന്നതാവിത് ''ഒരു രാജാവ് തന്റെ രാജ്യത്തിൽപ്പെട്ടവർ മറ്റാരെയെങ്കിലും സേവിക്കുവാൻ ഒരുമ്പെട്ടാൽ കത്തയച്ചും ആളുകളെ അയച്ചും അവരെ പ്രബോധിപ്പിച്ച് അന്യരെ സേവിക്കരുതേ എന്ന് പറയും ഗത്യന്തരമില്ലാതെ വന്നാൽ രാജാവ് തന്നെ ചെല്ലും. സൃഷ്ടിയുടെ അപഥസഞ്ചാരം കണ്ട് സൃഷ്ടാവ് ചെയ്തതും ഇത് തന്നെയാണ്. അതുപോലെ തന്നോടുള്ള ഒരു ചോദ്യത്തിന് പിതാവ് കൊടുത്ത മറുപടി ഇങ്ങനെയാണ്...

ചോദ്യം ; ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ഒരു വാക്കിനാൽ, എങ്കിൽ ഒരൊറ്റ വാക്കുകൊണ്ട് പുനഃസൃഷ്ടിച്ചാൽ പോരായിരുന്നോ?

ഉത്തരം : അന്ന് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നു. അപ്പോൾ വചനം കൊണ്ട് സൃഷ്ടിച്ചു. ഇന്ന് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു. അവരുടെ ആത്മീയരോഗത്തിന് ചികിത്സയാണ് ആവശ്യം അതിനു വൈദ്യൻ തന്നെ വന്നേ മതിയാകൂ. മനുഷ്യന്റെ രക്ഷയ്ക്ക് വചനം മനുഷ്യശരീരം സ്വീകരിച്ചേ മതിയാവുകയുള്ളായിരുന്നു. അങ്ങനെയെങ്കിൽ ഇന്ന്

ക്രിസ്ത്യാനികളായ നമ്മുടെ ദൗത്യമെന്നത് വചനമാകുന്ന ക്രിസ്തുവിനെ പോലെയാകുക എന്നതാണ്. അത് തന്നെ മോർ അത്താനാസിയോസ് christification ക്രിസ്തുവിനെ പോലെയാകൽ എന്ന് വിവക്ഷിക്കുന്നു.

നാം വചനം വായിക്കുന്നു, പഠിക്കുന്നു കേൾക്കുന്നു വ്യാഖ്യാനിക്കുന്നു എന്നാൽ അവ പ്രമാണിക്കുന്നുണ്ടോ എന്ന് ചിന്തിക്കുക. വചനത്തിനാധാരമായ ക്രിസ്തുവിനെ നാം നിരന്തര ബലിയിലൂടെ കൈക്കൊള്ളുന്നു വചനമാകുന്ന ക്രിസ്തുവാഹിയാകുന്നുണ്ടോ എന്നും വിചിന്തനം ചെയ്യുക. ആദ്യം അന്ത്യോയോക്യയിൽ വച്ച് ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായി എന്ന് അപ്പൊ 11:26 ൽ കാണാം .അവിടെ അവർ ഒരു സംവത്സരം മുഴുവനും അവരെ ക്രിസ്തുവിൽ പ്രബോധിപ്പിച്ചും ക്രിസ്തുവിനെപ്പോലെ ജീവിച്ചുകാട്ടിയും വചനഘോഷണത്താലും അവ പ്രാവർത്തികമാക്കുകയാലും ആണ് അവർക്കു ക്രിസ്തുവിന്റെ അനുയായികളെന്ന ഈ നാമത്തിനു അർഹരായതെന്നു നമുക്ക് മനസിലാക്കാം. എന്നാലിന്ന് നാം ഒരു ക്രിസ്തീയ മാതാപിതാക്കൾക്ക് ജനിച്ചതിനാലും സർട്ടിഫിക്കറ്റിൽ ജാതിയുടെ കോളത്തിൽ ക്രിസ്ത്യാനി എന്ന് എഴുതിയതിനാലും ക്രിസ്ത്യാനി എന്ന് വാക്കിലറിയപ്പെടുന്നു. അപ്പോഴാണ് ജന്മനാ സൗജന്യമായി ലഭിച്ച ഈ നാമം അർത്ഥവത്താക്കണമോ? ക്രിസ്തുവിനെ എന്നിലൂടെ മറ്റുള്ളവർ കണ്ടു അവന്റെ വചനത്തിന്റെ പ്രവർത്തനം എന്നിൽ കണ്ടു ക്രിസ്ത്യാനി എന്ന നാമം അർത്ഥവത്താക്കണമോ ? എന്ന ചോദ്യ ശരങ്ങൾ നമ്മുടെ ഹൃദയ വാതായനങ്ങളിൽ പോറലുകൾ ഉണ്ടാക്കുന്നത് .

നാം നമ്മുടെ പ്രവർത്തനങ്ങളിൽ ജീവിതത്തിൽ, ശീലങ്ങളിൽ ക്രിസ്തുവിനെ അധിഷ്ഠിതമാക്കാൻ ശ്രമിക്കുമ്പോൾ നാമറിയാതെ മറ്റുള്ളവർ ക്രിസ്തുവിലേക്ക് അടുത്തുവരും. നിനവയിലെ മോർ ഇസഹാക് ഇപ്രകാരം പറയുന്നു 'ദൈവമേ! ഞാനറിയാതെ എന്നിൽനിന്നും നന്മകൾ മറ്റുള്ളവരിലേക്ക് ഒഴുകണമേ''. ദൈവവചനത്താൽ പഴയനിയമ ജനത ദൈവത്തിങ്കലേക്കു അടുക്കാൻ ശ്രമിച്ചു. ഇന്ന് പുതിയ ഇസ്രായേലാകുന്ന നമുക്ക് ദൈവവചനംതന്നെ മനുഷ്യനായി, കഷ്ടതയനുഭവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റ് ലോകത്തിനായി വരച്ചു കാട്ടിയിരിക്കുന്നു, എങ്കിൽ മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വചനം കൊണ്ടും ജീവിക്കും എന്നരുളിയ ആ കർത്താവിനെ വഹിക്കുന്നവരായി തീരണം. ദൈവമാതാവായ വിശുദ്ധ കന്യക മറിയം ദൈവവചനമാകുന്ന ക്രിസ്തുവിനെ വഹിച്ചതിനാൽ ദൈവവാഹി എന്നറിയപ്പെട്ടതുപോലെ ദൈവവചനത്തെ ധ്യാനിക്കുകയും പ്രവർത്തനപഥത്തിലെത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ എന്നനിലയിൽ ദൈവവചനവാഹി എന്നും ആ ദൈവവചനമാകുന്ന ക്രിസ്തുവിനെ അപ്പ വീഞ്ഞുകളുടെ രൂപത്തിൽ അനുഭവിക്കുക വഴി ക്രിസ്തുവാഹി (christophoros ) എന്നും ഓരോ ക്രിസ്തു വിശ്വാസിയും പരിശുദ്ധ റൂഹാ മൂലം അറിയുവാൻ ഇടവരട്ടെ. ✪

കവിത

ഇ.വൈ. കോശി വെണ്മണി

# 'മൗന നൊമ്പരം'

*ഉടുക്കുകൊട്ടിപ്പാടും*
*പാണന്റെ പാട്ടിലെൻ*
*ഹൃദയത്തുടിപ്പിന്റെ താളം*
*താനേ കിതച്ചൂതി വീശുന്ന*
*കാറ്റിലുമുണ്ടെന്റെ നിശ്വാസം*
*കരയെത്തൊടാൻ കൈനീട്ടിയെത്തുന്ന*
*തിരയിലുമുണ്ടെന്റെയാവേശം*
*മീൻകൊത്തിപ്പറക്കും കടൽക്കാക്കതൻ*
*ഉദരത്തിലുമുണ്ടെന്റെ ദാഹം*
*എൻ കനവുകളെ കൊത്തിപ്പിളർക്കുന്ന കഴുകന്റെ*
*അങ്കുശംപോലെ കൂർത്തുവളഞ്ഞുള്ള-*
*ചുണ്ടിൻമുനയാൽ പിടയുകയാണെന്റെ മാനസം*
*ഒറ്റയടിപ്പാതയിലൂടൊറ്റയ്ക്കു കുതിക്കുന്ന*
*കുതിരക്കുളമ്പടിയൊച്ചയെൻ കാതിൽ*
*നേർത്തൊരു മർമ്മരം പോലെയെത്തവേ*
*ഓർമ്മകളോരോന്നായ് തെളിയുന്നിതെന്നുള്ളിൽ*
*അകലേക്കകന്നു നീ പോയീടിലും-ഒരു നാൾ*
*നീവരുമെന്നോർത്തു ഞാൻ*
*വെറുതേയിരുന്നുപോയി*
*വന്നില്ല നീ....വഴിക്കണ്ണുമായ്*
*കാത്തിരുന്നു വൃഥ നിന്നെ*
*പിന്നീടു വന്നു നീ എൻ അരികത്തു നിന്നതും*
*മരണത്തെ പുൽകുന്ന വേളയിൽ നീ നിന്റെ*
*കൈവിരൽതുമ്പിനാൽ എൻ കൺപോളകൾ മെല്ലെ*
*തിരുമ്മിയടയ്ക്കുവാൻ നീട്ടിയ വിരൽത്തുമ്പിൽ*
*ചൂടറിയാതെ ഞാൻ പറന്നുപോയില്ലേ?*



ഫാ. തോമസ് മാത്യു യു. എസ്സ്. എ.

# കുരിശിന്റെ വചനം
## THE MESSAGE OF CROSS

വിലസും കുരിശാൽ ഉലകിനു രക്ഷണമരുളിയ നാഥാ!
പകയരിൽ നിന്നും ഞങ്ങളെ നിർത്തുക കുരിശിൻ കീഴിൽ

ജോർജ്ജിയയുടെ തലസ്ഥാനമായ തിബ്ലിസ് നഗരത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ക്വിറിസ് പലിശ്ര' എന്ന ഒരു സ്വദേശ ഭാഷാ വർത്തമാനപത്രത്തിൽ 2007 മെയ് 14-ാം തീയതി എൽഡാർ മായ്ഷുറാഡ്സെ വിവരിക്കുന്നൊരു സംഭവം ഇങ്ങനെയാണ്. അയാളുടെ സുഹൃത്തിന്റെ മകന്റെ മാമോദീസാ ചടങ്ങുകൾ കഴിഞ്ഞ കുഞ്ഞിനെ അടുത്തമുറിയിൽ ഉറക്കാൻ കിടത്തി ബന്ധുക്കൾ എല്ലാവരും കൊച്ചുവർത്തമാനം പറഞ്ഞിരിക്കുന്നതിനിടെ കുഞ്ഞിനെ അമ്മ പറഞ്ഞു 'അവന്റെ വസ്ത്രങ്ങൾ മാറുന്നതിനിടെ ഊരിയെടുത്ത കുരിശുമാല തിരികെ ഇട്ടുകൊടുക്കാൻ ഞാൻ മറന്നുപോയി' എന്ന്. ഉടനെ ലേഖകൻ മാതാപിതാക്കളുടെ അനുവാദത്തോടെ ആ കുരിശുമാല കുഞ്ഞിനെ അണിയിച്ചു.

പെട്ടെന്ന് കുഞ്ഞ് ഞെട്ടിയുണർന്ന് വലിയ ശബ്ദത്തിൽ കരയാൻ ആരംഭിച്ചു. മാതാപിതാക്കൾ അവനെ ഉറക്കാനും പാലുനൽകാനുമൊക്കെ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. കരച്ചിൽ ശക്തിപ്പെട്ടുകൊണ്ടിരുന്നു. സാധാരണ അവർ ചെയ്യുന്ന എല്ലാ വിദ്യകളും പയറ്റിയിട്ടും ഭീകരമാംവിധം കുഞ്ഞിന്റെ കരച്ചിലിന്റെ ആധിക്യം വർദ്ധിക്കുകയാണ്. ഒടുവിൽ പിതാവ് അവനെ അതിഥികൾ ഇരിക്കുന്ന മുറിയിലേക്ക് എടുത്തുകൊണ്ടു പോയി. ഉടനെ കുഞ്ഞിന്റെ കരച്ചിൽ നിന്നു. മുഖത്ത് പുഞ്ചിരി വിടർന്നു. ഏവർക്കും ആശ്വാസമായി. വലിയൊരു ബഹളം അവസാനിച്ചപോലെ വീട്ടിലെങ്ങും കനത്ത നിശബ്ദത.

പൊടുന്നനെ കുഞ്ഞ് കിടന്നിരുന്ന മുറിയിൽ നിന്നും ഞെട്ടിക്കുന്നൊരു ശബ്ദം! ഏവരും വേഗത്തിൽ അങ്ങോട്ടേക്ക് എത്തി. ആർക്കും തങ്ങളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല! കുഞ്ഞ് കിടന്നിരുന്ന തൊട്ടിലിനു മുകളിൽ വീടിന്റെ കോൺക്രീറ്റ് സിലിണ്ടിന്റെ ഒരു ഭാഗം അടർന്ന് പതിച്ചിരിക്കയാണ്! അവിടവിടെയായി വലുതും ചെറുതുമായ കോൺക്രീറ്റ് കഷണങ്ങൾ ചിതറിക്കിടക്കുന്നു. അവൻ എപ്പോഴാണ് കരച്ചിൽ ആരംഭിച്ചത് എന്ന് അപ്പോഴാണ് അവൻ ചിന്തിച്ചത്. കൃപയുടെയും രക്ഷയുടെയും അടയാളമായ സ്ലീബാ അവന്റെ ശരീരത്തോട് ചേർന്നപ്പോഴാണ് മറ്റുള്ളവരുടെ ശ്രദ്ധയെ ക്ഷണിക്കുന്ന തരത്തിൽ അവൻ കരയാനും അതുവഴി ഭീകരമായൊരു അപകടത്തിൽ നിന്നും രക്ഷപെടാനും ആ പൈതലിന് സാധിച്ചത്.

മിലാൻ വിളംബരത്തിനുശേഷം ക്രൈസ്തവ സമൂഹത്തിന് കൈവന്ന സുപ്രധാന മാറ്റങ്ങളിൽ ഒന്നായിരുന്നു, ഔദ്യോഗിക അടയാളമായ വി. സ്ലീബായെ പരിഗണിക്കാൻ ആരംഭിച്ചത്. ദേവാലയങ്ങളിലും ഭവനങ്ങളിലും ആഭരണങ്ങളിലുമൊക്കെയായി പിന്നീട് കുരിശിന്റെ സാന്നിദ്ധ്യം അനുപമമായ ഒന്നായി മാറി. കുരിശ് വരയ്ക്കാനും, കുരിശ് വഹിക്കാനും, കുരിശ് ധരിക്കാനും ഉപദേശിച്ച ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി ഉൾപ്പെടെ പൂർവ്വകാലത്തും വർത്തമാനകാലത്തുമായി കുരിശിന്റെ മഹത്വം പ്രഘോഷിച്ച സഭാപിതാക്കന്മാർ നിരവധിയാണ്. കുരിശിനെ വിഗ്രഹമായി കണ്ടിരുന്നവർ പോലും ഇന്ന് സുവിശേഷകരായി മാറിയത് കുരിശിന്റെ മഹത്വം വെളിവാക്കുന്നു.

എന്നാൽ കുരിശ് രൂപത്തിലുള്ള കൊലമരം യഹൂദർക്ക് ശാപത്തിന്റെ ചിഹ്നമായിരുന്നു. വേദപുസ്തകത്തിൽ പലഭാഗങ്ങളിലും കുരിശ് എന്നതിനേക്കാൾ മരം എന്ന പദമാണ് ഉപയോഗിച്ച് കാണു

ന്നതും (ആവ 21 :22) (ഗലാ. 3:13) (അപ്ര. 13:29, 10:39, 5:30) (വെളി. 22:2). മരണത്തിന്റെയും നിന്ദയുടെയും അപമാനത്തിന്റെയും ശാപത്തിന്റെയുമൊക്കെ പ്രതീകമായിരുന്ന ആ കുരിശുമരം നമ്മോട് സുവിശേഷിപ്പിക്കുന്നത് നന്മയുടെയും പ്രത്യാശയുടെയും നിരവധി സൂക്തങ്ങളാണ്.

**1. കുരിശിന്റെ വചനം സ്നേഹത്തിന്റെ സുവിശേഷമാണ്.**

പിതാവാം ദൈവത്തിന് നമ്മോടുള്ള സ്നേഹം വെളിവാക്കുന്ന ദൃശ്യമാണ് ക്രൂശിതനായ ക്രിസ്തുവിന്റെ രൂപം. വേദപഠനത്തിന്റെ ആദ്യപാഠങ്ങളിൽ ദൈവസ്നേഹത്തെ നാം മനസ്സിലാക്കിയ വേദഭാഗവും വെളിവാക്കുന്നത് അതുതന്നെയാണ് (യോഹന്നാൻ 3:16). എപ്പിക്യൂര്യരും സ്തോയിക്കരും ജ്ഞാനവാദികളും ശാസ്ത്രിമാരും താർക്കികരും അരങ്ങുവാണ ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധ പൗലൊസ് ശ്ലീഹാ വി. സ്ലീബായെ ഉയർത്തിപ്പിടിച്ച് പ്രസംഗിച്ചപ്പോഴും പ്രതിഫലിച്ചത് ദൈവസ്നേഹത്തിന്റെ മഹത്വമാണ് (റോമർ 5:8).

**2. കുരിശിന്റെ വചനം ത്യാഗത്തിന്റെ സുവിശേഷമാണ്.**

സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും മഹത്തരമായ സ്നേഹം ആർക്കുമില്ല (യോഹ. 15:13). 'കെനോസിസ്' അഥവാ സ്വയം ശൂന്യമാക്കലിലൂടെ പിതാവിനോടുള്ള സമത്വം വെടിഞ്ഞ് മനുഷ്യനായി കഷ്ടം സഹിച്ചത് മനുഷ്യനെ ദൈവികരാക്കാനാണെന്നതാണ് അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസിന്റെ ഭാഷ്യവും ഫലം പുറപ്പെടുവിക്കാതെ ഇലച്ചാർത്തുമായി നിന്ന ആ അത്തിവൃക്ഷത്തിനും, ആദമിനെ പറുദീസയിൽ നിന്നുമകറ്റിയ വൃക്ഷത്തിനും ബദലായി ക്രിസ്തു അവതരിപ്പിക്കുന്ന സ്നേഹത്തിന്റെ വൃക്ഷമാണ്. ഇലച്ചാർത്തില്ലെങ്കിലും നിരവധി ഫലങ്ങളാൽ സമ്പുഷ്ടമായ ആ കുരിശുമരം

**3. കുരിശിന്റെ വചനം വിജയത്തിന്റെ സുവിശേഷമാണ്.**

ഓർത്തഡോക്സിയുടെ സ്പർശം ഏറെയുള്ള ചിത്രരചനാരീതിയായ 'ഐക്കണോഗ്രഫി'കളിൽ, ക്രൂശീകരണത്തിന്റെ ചിത്രം കാണുമ്പോൾ ശ്രദ്ധിച്ചാൽ കാണാം കുരിശിന്റെ ചുവട്ടിൽ പാപത്താൽ മരണത്തിലേക്ക് ആണ്ടുപോയ ആദാമിന്റെ വരണ്ട അസ്ഥികളിലേക്ക് ക്രിസ്തുവിന്റെ ആണിപ്പാടുകളിൽ നിന്നും ഇറ്റിറ്റുവീഴുന്ന രക്തത്തുള്ളികളെ. മരണത്തിന്റെയും പാപത്തിന്റെയും സാത്താന്റെയും മേൽ ക്രിസ്തു നേടിയ വിജയത്തിന്റെ അടയാളമാണ് വി. സ്ലീബാ. കേട്ടിട്ടില്ലേ.

''ശുഭചിഹ്നം താൻ സ്ലീബാ
വിജയക്കൊടി താൻ സ്ലീബാ
നമ്മെ രക്ഷിച്ചീടും -
സ്ലീബായിൽ പുകഴ്ത്തുന്നു നാം''

**4. കുരിശിന്റെ വചനം മോചനത്തിന്റെ സുവിശേഷമാണ്.**

ആദാമിൽ ആരംഭം കുറിച്ച മാനവപാപങ്ങളുടെ മോചനത്തിനായി പാപയാഗങ്ങളും അകൃത്യയാഗങ്ങളും സാധാരണയായിരുന്ന കാലത്താണ്, ദൈവത്തിന്റെ ഏകപുത്രൻ പാപമോചനത്തിനായി ഒരിക്കലായിട്ട് യാഗമായി മാറിയത് (എബ്രാ. 10:18). എല്ലാ യാഗങ്ങളെയും തന്റെ യാഗത്താൽ പൂർത്തീകരിക്കുക വഴി ലോകത്തിന് മുഴുവൻ പാപങ്ങളുടെ മോചനവും അതുവഴി പിതാവാം ദൈവത്തോടുമുള്ള നിരപ്പുമാണ് അവൻ സാധ്യമാക്കിയത്.

കുസ്തന്തിനോസ് ചക്രവർത്തിയുടെ അഭ്യർത്ഥന പ്രകാരം മാതാവായ ഹേലനി രാജ്ഞി കുരിശിനെ കണ്ടെത്തി വണങ്ങാൻ യാത്രയാകുന്നിടത്ത് മാറിമറിഞ്ഞത് ചരിത്രമാണ്. "By this, you will conquer" എന്ന സന്ദേശം ദർശനത്തിലൂടെ ലഭ്യമായ ചക്രവർത്തി കുരിശിനെ മാനിച്ചു. ഈ ലോകത്തിന്റെ ജ്ഞാനികളും ശാസ്ത്രികളും താർക്കികരും തത്വചിന്തയേയും ജ്ഞാനാന്വേഷണത്തെയും കേന്ദ്രീകരിച്ച് ജീവിതം മുമ്പോട്ട് കൊണ്ടുപോയിരുന്ന കാലത്ത്, റോമാസാമ്രാജ്യത്തിനുനേരെ നെഞ്ചു വിരിച്ചു നിന്ന് കുരിശിന്റെ വചനം നശിച്ചുപോകുന്നവർക്ക് വെറും ഭോഷത്വമായി തോന്നും എന്നും രക്ഷിക്കപ്പെടുന്നവർക്ക് ദൈവശക്തിയായി പരിണമിക്കും എന്നും പ്രഘോഷിച്ച പരിശുദ്ധ പൗലോസ് അപ്പോസ്തലൻ തെളിച്ചുതന്നെ ദീപശിഖ, കാലഘട്ടങ്ങൾക്കിപ്പുറം പേറാൻ മാമോദീസാ, കൂദാശയിലൂടെ പ്രതിജ്ഞ എടുത്തവരാണ് നമ്മൾ. വെറും അലങ്കാരമായോ ആഭരണമായോ മുറികളലങ്കരിക്കാനുള്ള വസ്തുവായോ വെറും മതചിഹ്നമായോ അതിനെ കാണാതെ, സ്നേഹത്തിന്റെയും, വിജയത്തിന്റെയും, ത്യാഗത്തിന്റെയും, മോചനത്തിന്റെയും സുവിശേഷം പേറുന്ന ജീവവൃക്ഷമായി അതിനെ കാണാൻ നമുക്കാവട്ടെ. ഓർക്കുക ക്രിസ്തു ക്രൂശിക്കപ്പെട്ട ആ ക്രൂശിന്റെ മറുപാതി ഇന്നും ഒഴിഞ്ഞു കിടക്കുകയാണ്....! നമുക്കായി.....!



ഫാ. പി.വി. ജോൺ ചെങ്ങന്നൂർ

സാരോപദേശകഥകൾ

# പശ്ചാത്താപമേ പ്രായശ്ചിത്തം

ഏലിയാമ്മ ചേടത്തി ഏതാണ്ട് രണ്ടു വർഷമായി ചെയ്യുന്നതുപോലെ ആ ഞായറാഴ്ചയും അഞ്ചു മണിക്കു തന്നെ എഴുന്നേറ്റു നമസ്കാരം എല്ലാം നടത്തി. ഏലിയാമ്മ ചേടത്തി ഓർത്തു. ഇപ്പോൾ മകനും കുടുംബവും വിളിക്കാതെ തന്നെ സമയത്തു വന്നു ഇതിൽ സംബന്ധിക്കും. അതു അവർക്കു ഒരു ശീലമായി മാറി. കൊറോണായ്ക്കു ഒത്തിരി ദോഷഫലങ്ങൾ ഉണ്ടെങ്കിലും ഇങ്ങനെ ഒരു ഗുണം അതുമൂലം ഉണ്ടായി.

ഏലിയാമ്മ ചേടത്തി പോയി കുളിച്ചു ഒരുങ്ങി അലക്കി തേച്ച കച്ചമുറിയും ചട്ടയും നേര്യതും എല്ലാം ധരിച്ചു വന്നു.ടിവി ഓണാക്കി എങ്കിലും ശബ്ദം വച്ചില്ല. അതിൽ വേറെ എന്തോ കാണിച്ചു കൊണ്ടിരിക്കുകയാണു.

അപ്പോൾ മകനും കുടുംബവും ഒരുങ്ങി എത്തി.

അവൻ ഏലിയാമ്മ ചേടത്തിയോടു ഒരു ചോദ്യം. അമ്മ എന്താ ഇതും ഓണാക്കി ഇവിടെ ഇരിക്കുന്നതു? പള്ളിയിൽ പോകണ്ടേ?

ആരു പറഞ്ഞു ഇന്നു പള്ളിയിൽ പോകണമെന്നു? ഞാൻ പറഞ്ഞോ?

കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ നിറയെ ആളായിരുന്നു എന്നു അപ്പുറത്തെ അന്നാമ്മ ചേടത്തി പറഞ്ഞെന്നു അമ്മ തന്നെയല്ലേ പറഞ്ഞതു - ശരിയാ. പക്ഷെ ഇന്നു പള്ളിയിൽ പോകണമെന്നു ഞാൻ പറഞ്ഞോ?

അപ്പോൾ പള്ളിയിൽ പോകണ്ടേ എന്നു ഞാൻ ചോദിച്ചപ്പോൾ പോകാം എന്നല്ലേ അമ്മ പറഞ്ഞതു. ഇന്നു പോകാമെന്നു ഞാൻ പറഞ്ഞോ?

പോകാമെന്നു അമ്മ പറഞ്ഞപ്പോൾ ഇന്നു പോകാമെന്നാണു പറഞ്ഞതെന്നു ഞാൻ ധരിച്ചു. രണ്ടു വർഷം മുമ്പു വരെ എല്ലാ ഞായറാഴ്ചയും കുർബാന അനുഭവിച്ചു കൊണ്ടിരുന്ന അമ്മ ഇന്നു വി.കുർബ്ബാന അനുഭവിക്കട്ടെ എന്നു കരുതിയാണു ഞങ്ങൾ നേരത്തെ ഒരുങ്ങി വന്നതു.

പരുമല പള്ളിയിൽ വെള്ളിയാഴ്ച ധ്യാനം നടത്തിയ ഒരച്ചൻ പറഞ്ഞതു നീയും കേട്ടതാണല്ലോ. എല്ലാ ഞായറാഴ്ചയും വി.കുർബ്ബാന അനുഭവിക്കണമെന്നില്ല. മാത്രമല്ല ഹൂസോയോ മാത്രം കൈക്കൊണ്ടു വി.കുർബ്ബാന അനുഭവിക്കുന്നതും ശരിയല്ല. ഹൂസോയോ തരുമ്പോൾ അച്ചൻ പറയുന്നതു രഹസ്യമായിട്ടായതിനാൽ നാം കേൾക്കുന്നില്ല. ആ അച്ചൻ പറഞ്ഞപ്പോഴല്ലേ അതെന്താണെന്നു അറിഞ്ഞതു. സഹോദരാ (സഹോദരീ) നീ ഏറ്റുപറഞ്ഞിട്ടുള്ളതും വിസ്മരിച്ചു പോയതുമായ സകല പാപങ്ങളും എന്നിൽ സമർപ്പിതമായ അധികാരത്താൽ ഞാൻ നിനക്കു മോചനം നൽകുന്നു. അവിടെ നാം പാപമൊന്നും ഏറ്റുപറയുന്നില്ല. പിന്നെങ്ങനെയാണു പാപമോചനം കിട്ടുക.

മകൻ കയറി പറഞ്ഞു..... എന്നാൽ ഞാൻ പറയട്ടെ. അവിടെ തന്നെ വേറൊരു അച്ചൻ പ്രസംഗിച്ചതു അമ്മയും കേട്ടതാണല്ലോ. വി.കുർബ്ബാനയിൽ പറയുന്നതു ''അനുഭവിക്കുന്നോർക്കായി അനുഷ്ഠിക്കുന്നീ കുർബാന'' എന്നാണെന്നും അതിനാൽ കുർബ്ബാനയിൽ സംബന്ധിക്കുന്നോരെല്ലാം കുർബാന

അനുഭവിക്കണമെന്നും അതിനു കുമ്പസാരിക്കണമെന്നും ഹൂസോയോ പ്രാപിക്കണമെന്നും ഇല്ലെന്നും പറഞ്ഞല്ലോ.

ഞാനും കേട്ടതാണു. അന്നു നമ്മുടെ പള്ളിയിൽ വികാരിയായിരുന്ന അച്ചനോടു ഞാൻ ഇതു ചോദിച്ചു. അച്ചൻ പറഞ്ഞു. ആ വല്യച്ചൻ സെമിനാരിയിൽ പഠിച്ചതൊന്നുമല്ല. ഏതോ ഓഫീസിൽ ജോലി ചെയ്തു റിട്ടയർ ചെയ്തപ്പോൾ ഏതോ തിരുമേനിയുടെ കാലു പിടിച്ചു പട്ടമേറ്റതാണു. മറ്റെ അച്ചൻ സെമിനാരി അദ്ധ്യാപകനാണു. വല്യച്ചൻ പറഞ്ഞതു ശരിയല്ല, വി.കുർബ്ബാന അർപ്പിക്കുന്ന പുരോഹിതൻ കുർബാന മധ്യേ രഹസ്യങ്ങളുടെ ആഘോഷത്തിൽ പീലാസാ എടുത്തു ഉയർത്തിക്കൊണ്ടു പറയുന്നതു കേട്ടിട്ടില്ലേ. വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും ഇതു നൽകപ്പെടുന്നു. ഈ വിശുദ്ധിയും വെടിപ്പും എങ്ങനെ ആണു പ്രാപിക്കുക. വി.കുമ്പസാരത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ.

എനിക്കറിയില്ല.ഓരോരുത്തർ ഓരോ വിധത്തിൽ പറയുന്നു. ഏതാ ശരിയെന്നു ആർക്കറിയാം. ഇപ്പോൾ എല്ലാ പള്ളികളിലും അച്ചന്മാർ ഹൂസോയോ മാത്രം കൊടുത്താണല്ലോ കുർബാന കൊടുക്കുന്നതു. ആരാ ഇപ്പോൾ കുമ്പസാരിക്കുന്നതു.

അതൊക്കെ പോട്ടെ. പള്ളിയിൽ പോകുന്നതു കൊള്ളാം നല്ലതു തന്നെ. പക്ഷേ എനിക്കു ഇപ്പോൾ പഴയതുപോലെ നടക്കാൻ കഴിയുകയില്ല എന്നു നിനക്കു അറിയാമല്ലോ.

അതു കൊണ്ടല്ലേ അമ്മയെ കൂടെ കാറിൽ കൊണ്ടുപോകാനായി ഞങ്ങൾ നേരത്തെ ഒരുങ്ങി വന്നതു.

ശരി. അതൊക്കെ ഇരിക്കട്ടെ. എന്നെ നടക്കാൻ വയ്യാതാക്കിയതു ആരാ?

ആരാ? അമ്മയുടെ പറച്ചിൽ കേട്ടാൽ ഞാനാണു അമ്മയെ ഇങ്ങനെ ആക്കിയതെന്നു തോന്നും.

അതേടാ. നീ തന്നെയാ. അതിനെന്താ സംശയം.

ഞാൻ എന്തു ചെയ്തെന്നാ അമ്മ പറയുന്നതു.

ഓ. ഒന്നും അറിയാത്ത ഒരു പാവം. എടാ രണ്ടു വർഷമായി എന്നെ ഈ മുറിയിൽ നിന്നും വെളിയിൽ ഇറങ്ങാൻ നീ സമ്മതിച്ചിട്ടുണ്ടോ? വെളിയിലോട്ടിറങ്ങിയാൽ കൊറോണ കേറി പിടിക്കുമത്രേ. കൊറോണാ വരാതിരിക്കാനാണെന്നും പറഞ്ഞു ആദ്യമേ തന്നെ കൊണ്ടു പോയി വാക്സിൻ എടുപ്പിച്ചു. അന്നൊക്കെ 28 ദിവസമാകുമ്പോൾ രണ്ടാം ഡോസു എടുക്കുമായിരുന്നു. അതും സമയത്തു തന്നെ എടുത്തു. ബൂസ്റ്റർ ഡോസായപ്പോൾ അതും പോയി എടുത്തു. എന്നിട്ടും വെളിയിൽ പോകാൻ നീ സമ്മതിച്ചില്ല. ഇതു എടുത്താൽ കൊറോണാ വരികയില്ല എന്നു ആദ്യം പറഞ്ഞു. ബൂസ്റ്റർ എടുത്തു കഴിഞ്ഞപ്പോൾ പറയുന്നു. ഇതു എടുത്താലും വരും. അതിനാൽ വെളിയിൽ പോകരുതു, മാസ്കു വയ്ക്കണം, സാനിറ്റൈസർ ഉപയോഗിക്കണം, കൈകഴുകണം, അകലം പാലിക്കണം. പിന്നെ എന്തിനാടാ ഇതൊക്കെ എടുത്തതു എന്നു ചോദിച്ചപ്പോൾ നീ പറഞ്ഞു, കോവിഡു വന്നാലും സീരിയസാകില്ലാ എന്നു. ഇതെല്ലാം കേട്ടു സത്യമാണെന്നു കരുതി ഞാൻ വീട്ടിനകത്തു തന്നെ കഴിഞ്ഞു. ഫലമോ നടക്കാനുള്ള ശേഷിയും പോയി. നീയല്ലേ ഇതിനെല്ലാം കാരണക്കാരൻ.

അതേ അതേ. എല്ലാത്തിനും ഞാനാണല്ലോ കാരണക്കാരൻ. കുറ്റമെല്ലാം എന്റെ പുറത്തിരുന്നോട്ടു. എന്നാല് ഞാൻ ഒന്നു രണ്ടു കാര്യം പറയാം. അതു എന്നേക്കാൾ അധികം അമ്മയ്ക്കും അറിയാമായിരിക്കും. പഠിപ്പിക്കാൻ വരികയാണെന്നും ധരിക്കരുതു. എന്റമ്മേ, ഓരോരുത്തർക്കു ഓരോന്നു ദൈവം വിധിച്ചിട്ടുണ്ടു. അതു വരേണ്ട കാലത്തു വരും. അതിനു ദൈവം ഓരോരുത്തരെ കാരണക്കാരായി നിശ്ചയിക്കും. നാം, അവരാണു ഇതിനു കാരണം എന്നു പറഞ്ഞു നമുക്ക് അവരോടു ദേഷ്യം തോന്നും. ശരിക്കും അവർ ദൈവത്തിന്റെ കരങ്ങളിലെ ഒരു ഉപകരണം മാത്രമാണു. ദേഹത്തു വന്നു തറയ്ക്കുന്ന അമ്പിനോടു ദേഷ്യപ്പെടുന്നതു പോലെ മാത്രമാണു അതു.

രണ്ടാമതു ഒരു കാര്യം. നാം ചെയ്യേണ്ടതു നാം ചെയ്യണം. അതിനു ഫലം തരുന്നതു ദൈവമാണു. ദൈവം അതിനാണു ബുദ്ധിയും ശക്തിയും നൽകിയിരിക്കുന്നതു. ശാസ്ത്രീയ നേട്ടങ്ങളും കണ്ടുപിടുത്തങ്ങളും മരുന്നും എല്ലാം ദൈവം മനുഷ്യനു നൽകിയ വരദാനങ്ങളാണു. ദൈവത്തിൽ ആശ്രയിച്ചു കൊണ്ടു അതൊക്കെ ഉപയോഗിക്കുമ്പോൾ ദൈവം അതു ഫലവത്താക്കി മാറ്റും. മനുഷ്യനാൽ അസാദ്ധ്യമായതു മാത്രമേ ദൈവം പ്രവർത്തിക്കുകയുള്ളൂ. നമ്മുടെ കർത്താവു പറഞ്ഞതു അമ്മയ്ക്കു അറിയാമല്ലോ. മനുഷ്യനാൽ അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യമാകുന്നു. സങ്കീർത്തനക്കാരൻ പറയുന്നു. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കു ഉള്ളവ തന്നെ.

മതി, മതി. നീ എന്നെ പഠിപ്പിക്കാനൊന്നും വരേണ്ട. നിന്നേക്കാൾ പത്തു മുപ്പതു വർഷം കൂടുതൽ ലോകം കണ്ടവളാണു ഞാൻ. നീ പള്ളിയിൽ പോകാനിറങ്ങിയതാണെങ്കിൽ പോ.

ഈ അമ്മയുടെ ഒരു കാര്യം. പള്ളിയെന്നു പറഞ്ഞാൽ പിന്നെ വേറൊന്നും വേണ്ടായിരുന്നു. ദേവാലയം എന്നു പറഞ്ഞാൽ ബഥേൽ ആണെന്നും, അതു മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ഇടം ആണെന്നും, അതു സ്വർഗ്ഗത്തിന്റെ വാതിലാണെന്നുമൊക്കെ ഉല്പ: 28 വായിച്ചു കേൾപ്പിച്ചു ഞങ്ങളെ പഠിപ്പിച്ച അമ്മ; മാത്രമല്ല, നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തെക്കാൾ ഉത്തമമല്ലോ ; എന്നും, ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവല്ക്കാരനായിരിക്കുന്നതു എനിക്കു ഏറെ ഇഷ്ടം, എന്നെല്ലാം സങ്കീർത്തനം 84 വായിച്ചു കേൾപ്പിച്ചു പള്ളിയിൽ പോകാൻ നിർബ്ബന്ധിച്ചിരുന്ന അമ്മയ്ക്കു. എന്തു പറ്റി അമ്മേ! എന്നിങ്ങനെ മകൻ അല്പം സങ്കടത്തോടെ പറഞ്ഞിട്ടു; ആത്മഗതമായി ദൈവമേ എന്റെ അമ്മയ്ക്കു, കുഴപ്പമൊന്നും വരുത്തരുതേ. എന്നു പ്രാർത്ഥിച്ചു അവനും കുടുംബവും പള്ളിയിലേക്കു തിരിച്ചു.

ഏലിയാമ്മ ചേടത്തി അല്പസമയം അന്തംവിട്ടു ഇരുന്നു പോയി. എനിക്കു എന്തു പറ്റി? അവൻ പറഞ്ഞതെല്ലാം സത്യമാണു. അന്നേരത്തെ ദേഷ്യത്തിനു അതൊന്നും വകവെച്ചില്ലെന്നു മാത്രം. ദൈവം അവനിൽ കൂടെ എന്റെ കുറവുകൾ ചൂണ്ടിക്കാണിക്കുകയായിരുന്നു. ദൈവമേ മഹാപാപിയായ എന്നോടു പൊറുക്കേണമേ. അടുത്ത ഞായറാഴ്ച മുതൽ തീർച്ചയായിട്ടും ഞാൻ പള്ളിയിൽ പൊയ്ക്കൊള്ളാം. ഏലിയാമ്മ ചേടത്തിയുടെ മനസ്സു ഒരു ഉറച്ച തീരുമാനം എടുത്തു. അടുത്ത ശനിയാഴ്ച വൈകിട്ടു പള്ളിയിൽ പോയി ഇതെല്ലാം ഏറ്റുപറഞ്ഞു കുമ്പസാരിക്കണം. പുതിയ അച്ചനെ ഒന്നു പരിചയപ്പെടുകയും ചെയ്യാം.

ചിന്തയിൽ നിന്നും ഉണർന്നപ്പോഴാണു താൻ ടിവിയുടെ മുമ്പിലാണെന്നും പരുമല പള്ളിയിൽ വി. കുർബ്ബാന നടക്കുകയാണെന്നും ഓർത്തതു. പെട്ടെന്നു ടീവിയുടെ ശബ്ദം കൂട്ടി. നിങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും മേലിൽ പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തു മശിഹാതമ്പുരാൻ എഴുന്നെള്ളി ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം എന്ന വന്ദ്യാചാര്യന്റെ പ്രാർത്ഥനാഹ്വാനം കേട്ടു ഏലിയാമ്മ ചേടത്തിയുടെ മനസ്സു പിടഞ്ഞു. അതു മറ്റൊരു വലിയ പാഠത്തിലേക്കു ഏലിയാമ്മ ചേടത്തിയെ കൊണ്ടെത്തിച്ചു. വീട്ടിൽ ഇരുന്നു ടിവിയിലൂടെ വി.കുർബ്ബാന കണ്ടാൽ പള്ളിയിലേതുപോലെ മനസ്സു ഏകാഗ്രമായി അതിൽ ലയിക്കുകയില്ല. ചുറ്റുപാടുകൾ നമ്മുടെ മനസ്സിന്റെ ഏകാഗ്രതയ്ക്കു ഭംഗം വരുത്തുന്നതായിരിക്കും. അപ്പോൾ ആരോ കോളിംഗ് ബെല്ലടിച്ചു. എഴുന്നേറ്റു പോയി വാതിൽ തുറന്നു. ഒരു ഭിക്ഷക്കാരൻ. മേശപ്പുറത്തു ഇരുന്ന നാണയത്തുട്ടുകളിൽ ഒന്നെടുത്തു അയാൾക്കു കൊടുത്തു.

ഏലിയാമ്മ ചേടത്തി ഓർത്തു. അതാണു ദേവാലയത്തിന്റെ മഹത്വം. ദേവാലയത്തിന്റെ ഉള്ളിൽ നില്ക്കുമ്പോൾ നമ്മുടെ ശ്രദ്ധ മാറിപ്പോകാതെ ആരാധനയിൽ തന്നെ ബന്ധിച്ചിടുവാൻ ദൈവസാന്നിദ്ധ്യം കൊണ്ടു നിറഞ്ഞതാണു വി.ദേവാലയം. അവിടെ നിന്നും കിട്ടുന്ന ആത്മനിറവു മറ്റെങ്ങും നിന്നും കിട്ടുകയില്ല. ദൈവത്തിന്റെ കണ്ണും കാതും ഇരിക്കുന്ന ദൈവത്തിന്റെ ആലയം പ്രാർത്ഥനാലയമാണു. പെട്ടെന്നു, വി.കുർബ്ബാന കൊടുക്കുമ്പോൾ ചൊല്ലുന്ന ഗീതങ്ങളിലെ ചില വരികൾ ചേട്ടത്തിയുടെ മനസ്സിൽ ഓടിയെത്തി. ചേടത്തി പാടി.

''പട്ടുധരിച്ചവനൊപ്പം നിന്നിഹ വേണ്ടുന്നോർക്കായ് – പട്ടക്കാരൻ മാണിക്യങ്ങൾ വിതറീടുന്നു – വാനവരിടയിലസൂയാ ദോഷം പാടുണ്ടെങ്കിൽ – മാനുഷസുതരോടാക്രോബേന്മാർക്കുണ്ടതു നൂനം''.

ക്രൂബേന്മാർക്കു പോലും അസൂയ ഉളവാക്കുന്ന മാണിക്യമാണല്ലോ വർഷങ്ങളായി ഞാൻ വേണ്ടായെന്നു വച്ചു ഇവിടെ ചടഞ്ഞുകൂടി ഇരിക്കുന്നതു. ഓർമ്മ വച്ച നാൾ മുതൽ അറിയുകയും അനുഭവിക്കുകയും ചെയ്തതെല്ലാം മറന്നാണല്ലോ താൻ ഈ ടിവിയുടെ മുമ്പിൽ ഇരിക്കുന്നതു എന്നോർത്തപ്പോൾ ഏലിയാമ്മ ചേടത്തിക്കു സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ടിവി ഓഫാക്കിയിട്ടു പൊട്ടിക്കരഞ്ഞു കൊണ്ടു ചേടത്തി എഴുന്നേറ്റു പോയി കട്ടിലിൽ കയറി കിടന്നു വാവിട്ടു നിലവിളിച്ചു. ദൈവമേ മഹാപാപിയായ എന്നോടു ക്ഷമിക്കേണമേ. ഇനിയും ഞാൻ ഇതു ആവർത്തിക്കുകയില്ല. സത്യം സത്യം.

വർഗീസ് ജോൺ, തോട്ടപ്പുഴ

# പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

ബഥേൽ പത്രിക 2023 ജനുവരി (പേജ് 24 – 26), ഓഗസ്റ്റ് (പേജ് 27, 28) ലക്കങ്ങളിലെ ലേഖനങ്ങളുടെ തുടർച്ചയാണ് ഈ ലേഖനം. ഇതു വായിക്കുന്നതിനു മുൻപ് ആദ്യ ഭാഗങ്ങൾ കൂടി വായിക്കുന്നത് നന്നായിരിക്കും.

### ഹ്രസ്വമായ നടപടിക്രമങ്ങൾക്ക് ഒരു മാതൃക

രണ്ടാഴ്ച കൊണ്ട് ഇടവകയോഗം വിളിച്ചു കൂട്ടാവുന്ന മറ്റൊരു മാർഗവുമുണ്ട്. 2024 ഒക്ടോബർ 27 ഞായറാഴ്ച ഇടവകയോഗം കൂടണമെങ്കിൽ അതനുസരിച്ചു സ്വീകരിക്കേണ്ട ചുരുങ്ങിയ നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.

ഒക്ടോബർ 13 ഞായറാഴ്ച – അനൗദ്യോഗിക അറിയിപ്പ്. ''ഇടവകയുടെ അർദ്ധവാർഷിക പൊതുയോഗം ഒക്ടോബർ 27 ഞായറാഴ്ച കൂടുന്നതിന് ആഗ്രഹിക്കുന്നു. അതുകൊണ്ട് ഒക്ടോബർ 15 ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി കുടിശിക തീർത്തും കുമ്പസാരിച്ചും (16 ബുധനാഴ്ച വി. കുർബാന അനുഭവിച്ചും) ഇടവകാംഗങ്ങൾ ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിന് അർഹത നേടണം (16 ബുധനാഴ്ച വി. കുർബാന ഉണ്ടായിരിക്കുന്നതാണ്). അർഹതയുള്ളവരുടെ പ്രാഥമിക ലിസ്റ്റ് ഒക്ടോബർ 16 ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രാഥമിക ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനു ശേഷം അർഹത നേടുന്നവരെ ഉൾപ്പെടുത്താൻ കഴിയുകയില്ല. നോട്ടപ്പിശക് തിരുത്താൻ മാത്രമേ അവസരമുണ്ടായിരിക്കുകയുള്ളു. പ്രാഥമിക ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഒക്ടോബർ 18 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12 മണിക്കു മുമ്പായി വികാരി/കൈസ്ഥാനി/സെക്രട്ടറിയെ അറിയിക്കണം. ഒക്ടോബർ 20 ഞായറാഴ്ച രാവിലെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. അന്തിമ ലിസ്റ്റിൽ ഭേദഗതി വരുത്താൻ സാധിക്കുകയില്ല'' എന്നു പ്രസ്താവിക്കണം.

കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നപക്ഷം ''നിലവിൽ അർഹതയുള്ളവരുടെ ഒരു കരടു ലിസ്റ്റ് നിങ്ങളുടെ അറിവിലേക്ക് മാത്രമായി ഇന്നു (ഒക്ടോബർ 13) പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാവരും അതു പരിശോധിച്ച് ഇടവകയോഗത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 15 ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കു മുമ്പായി അർഹത നേടേണ്ടതാണ്'' എന്നു കൂടി പ്രസ്താവിക്കണം.

2024 ഒക്ടോബർ 16-ന് 21 വയസ് പൂർത്തിയാകുന്ന (2003 ഒക്ടോബർ 16-നോ അതിനു മുമ്പോ ജനിച്ച) ഇടവകാംഗങ്ങളിൽ 2023 ഒക്ടോബർ 16 മുതൽ 2024 ഒക്ടോബർ 15 വരെ കുമ്പസാരിച്ചവരെയും 2023 ഏപ്രിൽ 16 വരെയുള്ള കുടിശിക തീർത്തവരെയുമാണ് പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. 2023 മാർച്ച് 31 / ഏപ്രിൽ 30 വരെയുള്ള കുടിശിക തീർത്തവരെ ഉൾപ്പെടുത്തുന്നതായിരിക്കും കുറെക്കൂടി സൗകര്യം.

ഒക്ടോബർ 20 ഞായറാഴ്ച – അന്തിമ ലിസ്റ്റ് പ്രസിദ്ധീകരണം. അജണ്ടാ ഉൾപ്പെടുത്തിയുള്ള ഇടവകയോഗ നോട്ടീസ് (ഒന്നാം പ്രാവശ്യത്തെ ഔദ്യോഗിക അറിയിപ്പ്). ''ഒക്ടോബർ 27 ഞായറാഴ്ച കൂടുന്ന ഇടവകയോഗത്തിൽ സംബന്ധിക്കാൻ അർഹതയുള്ളവരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഈ ലിസ്റ്റിൽ ഇനിയും ഭേദഗതി വരുത്താൻ സാധിക്കുകയില്ല'' എന്നും പ്രസ്താവിക്കണം.

ഒക്ടോബർ 27 ഞായറാഴ്ച – അജണ്ടാ ഉൾപ്പെടുത്തിയുള്ള ഇടവകയോഗ നോട്ടീസ് (രണ്ടാം പ്രാവശ്യത്തെ ഔദ്യോഗിക അറിയിപ്പ്). ''ഇടവകയോഗത്തിൽ സംബന്ധിക്കാൻ അർഹതയുള്ളവരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്'' എന്നും പ്രസ്താവിക്കണം. തുടർന്ന് ഇടവകയോഗം.

തെരഞ്ഞെടുപ്പുകൾ ഇല്ലാത്ത ഇടവകയോഗങ്ങൾ ചുരുങ്ങിയ നടപടിക്രമങ്ങൾ പാലിച്ച് നടത്താവുന്നതാണ്. എങ്കിലും (വോട്ടിംഗ് ഉണ്ടായാലും ഇല്ലെങ്കിലും) വിശദമായ നടപടിക്രമങ്ങൾ തന്നെയാണ് അഭികാമ്യം.

തലേദിവസം വരെ യോഗ്യത നേടുന്നവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി അവർക്ക് ഇടവകയോഗത്തിൽ പങ്കെടുക്കാൻ അവസരം കൊടുക്കുന്നവരുണ്ട്. ഇത് ഇടവക മെത്രാപ്പോലീത്തായ്ക്കോ അസോസിയേഷൻ ട്രിബ്യൂണലിനോ പരാതി കൊടുക്കുന്നതിന് അവസരമുണ്ടാക്കി ഇടവകയോഗ നടപടികൾ റദ്ദാക്കപ്പെടുന്നതിന് ഇടയാകും എന്നതിന് സംശയമില്ല.

തെരഞ്ഞെടുപ്പുകൾ ഇല്ലാത്ത ഇടവകയോഗങ്ങൾ ഒന്നും രണ്ടും ഉദാഹരണങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ച് നടത്തിയാൽ ആരും ശ്രദ്ധിക്കുകയില്ല (മലങ്കരസഭാ ഭരണഘടന 12-ാം വകുപ്പിൽ ''... ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനും വോട്ടു ചെയ്യുന്നതിനും അർഹതയുള്ളവരുടെ ലിസ്റ്റ് ഇടവകയോഗത്തെപ്പറ്റി വിളിച്ചു പറയുന്ന ആദ്യ ഞായറാഴ്ച ... പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു...'' എന്നു പറയുന്നതിനാൽ) ഇടവകയോഗ നോട്ടീസ് ഔദ്യോഗികമായി വായിക്കുന്ന ആദ്യ ഞായറാഴ്ച തന്നെ അന്തിമലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയാണ് വേണ്ടത്. അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഒരാഴ്ച കഴിഞ്ഞു മാത്രമാണ് ഇടവകയോഗം കൂടേണ്ടതെന്നു ചുരുക്കം. ഈ ലിസ്റ്റിൽ ഭേദഗതി വരുത്താനും പാടില്ല. അതേസമയം കരട് - പ്രാഥമിക - അന്തിമ ലിസ്റ്റുകൾക്കിടയിൽ ഒരാഴ്ച വീതം ഇടവേള വേണമെന്നില്ല.

ഇടവകയോഗങ്ങളുടെ സുഗമമായ നടത്തിപ്പിന് ചില ഇടവകകളിൽ സഭാഭരണഘടനയ്ക്ക് വിധേയമായി ഇടവകയോഗം തന്നെ പാസ്സാക്കിയ നടപടിക്രമങ്ങളുണ്ട്; പലതിലും ന്യൂനതകളുണ്ട്. അതുകൊണ്ട് സഭാതലത്തിൽ തന്നെ ഉപചട്ടങ്ങൾ (ബൈലോ) / മാർഗനിർദേശങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിൽ (2017-2022) ഇതിനുവേണ്ടി ഈ ലേഖകൻ പ്രമേയം, ചോദ്യം, കത്ത്, ലേഖനം തുടങ്ങി അടവുകൾ പലതും പയറ്റിയിട്ടും പലവിധ ശ്രമങ്ങൾ നടത്തിയിട്ടും ഒന്നും വിജയിച്ചില്ല. 2012-2022 കാലത്ത് റൂൾ കമ്മിറ്റിയെ മരവിപ്പിച്ചിരിക്കുകയായിരുന്നു. ഏതായാലും ഒരു കാര്യത്തിൽ സന്തോഷമുണ്ട്. മാനേജിംഗ് കമ്മിറ്റിയോ അതിലെ അംഗങ്ങളോ തങ്ങളുടെ ഉത്തരവാദിത്തവും കടമയും നിർവഹിക്കുന്നില്ല എന്ന് ഇനിയും ആർക്കും ആരോപിക്കാൻ സാധിക്കുകയില്ല. അത് ബോദ്ധ്യപ്പെടുത്താനാണ് ഇത്രയും പറഞ്ഞത്.

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ (+ 2018) പ്രസിദ്ധീകരിച്ച ''സഭാഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇടവകഭരണം എങ്ങനെ നിർവഹിക്കാം?'' എന്ന ലഘുലേഖയും ''പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും'' എന്ന ഈ ലേഖനത്തിന്റെ പൂർണ്ണ രൂപവും ബഥേൽ പത്രിക മുൻപു പ്രസിദ്ധീകരിച്ച ''ഇടവക മാനേജിംഗ് കമ്മറ്റിയിൽ സ്ഥാനമൊഴിയുന്ന സെക്രട്ടറിയെയും ഉൾപ്പെടുത്തണം'', ''കൺഫ്യൂഷൻ തീർക്കണമേ...'' എന്നീ ലേഖനങ്ങളും ഡെറിൻ രാജു രചിച്ച് സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ച 'മലങ്കരസഭാരണഘടന : ചരിത്രം, രേഖകൾ, ഭേദഗതികൾ' എന്ന ഗ്രന്ഥത്തിൽ (പരിഷ്കരിച്ച പതിപ്പ്, 2023 ഏപ്രിൽ) പ്രസിദ്ധീകരിച്ചിട്ടുണ്ട് (അനുബന്ധം 18, 23, 27, 28).

**മംഗലം സെന്റ് ജോർജ്ജ് ഇടവകയിലെ മിക്ക ഭവനങ്ങളും ബഥേൽ പത്രികയുടെ വരിക്കാരായി തീർന്നു. അതിനായി മുൻകൈ എടുത്ത വികാരി ബഹു. ബിജു എൻ. ഈപ്പൻ അച്ചനോടും, ചുമതലക്കാരോടും, ഇടവക ജനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.**

## ആവശ്യമുണ്ട്

കമ്പ്യൂട്ടർ **Tally, DTP** (മലയാളം/ ഇംഗ്ലീഷ്) **Photoshop** എന്നിവ അറിയാവുന്ന പരിചയ സമ്പന്നരായ സ്റ്റാഫിനെ ബഥേൽ അരമന ഓഫീസിലേക്ക് ആവശ്യമുണ്ട്.

**Contact No : +91 94476 54008**

താല്പര്യമുള്ളവർ **biodata**

**bethelaramana@gmail.com**

എന്ന മെയിൽ ഐഡി യിൽ അയക്കാവുന്നതാണ്.

MINISTRY OF HUMAN EMPOWERMENT DIOCESE OF CHENGANNUR

**Fr. Dr. Renny Thomas**
Principal (I/C) St. Gregorios College of Social Science, Parumala

# Cyber Addiction (contd......)



Types

Rather than a single disorder, it perhaps makes more sense to view these behaviors as distinct problems with the main commonality being that that are all simply expressed online. Some of the subtypes of Cyber Addiction are as follows:

1. Video Game Addiction – Excessive use of computer games and video games, often of the first-person shooter (FPS), Real Time Strategy (RTS), or Massively Multiplayer Online (MMO) genres.
2. Pornography Addiction – Also known as cybersex addiction, which involves compulsive viewing and collecting online pornography and / or excessive use of adult chat or video services.
3. Facebook Addiction / Social Network Addiction – An obsession with social networks such as Facebook or Twitter that may involve constantly checking one's "wall", posting updates, playing mini games, commenting on pictures and posts, and reading updates from others. Online social interactions may become more common and more important than in-person relationships.
4. Online Gambling Addiction – Similar to traditional gambling in that primary thrill is in the pursuit of monetary gain. However, online gambling websites may use very different methods to encourage continued play.
5. Online Entertainment Addiction – Defined by excessive time browsing the web, watching online videos, viewing favorite websites, etc. May often be seen as simply wasting time or procrastinating. Arguably less problematic than some of the other online addictions listed above.

Treatment

Treatment for Internet addiction includes a variety of inventions with a primary focus on cognitive-behavioral and interpersonal psychotherapy techniques to moderate Internet usage and to address underlying psychosocial issues that often co-existent with this addiction (e.g., social phobia, mood disorders, marital dissatisfaction, job burnout, childhood sexual abuse). Internet addiction therapy should utilize time management techniques that help the client structure and regulate internet sessions and strategies that help clients develop alternative activities that take them away from the computer (e.g., more time with family, engage in hobbies, or exercise programs).

Learning how to use the Internet in moderation is often the main objective. Many of the procedures that have been used to treat Internet addiction have been modeled after other addiction treatment programs and support groups .If a person's Internet addiction disorder has a biological dimension, then such medication as an antidepressant or anti-anxiety drug may help them with these aspects of the

addiction. Psychological interventions may include such approaches as changing the environment to alter associations that have been made with Internet use, or decrease the reinforcement received from excessive Internet use. Interpersonal interventions may include such approaches as social skills training or coaching in communication skills. Family and couple therapy may be indicated if the user is turning to the Internet to escape from problems in these areas of life.

Relapsing into an addictive behavior is common for anyone dealing with addiction disorders. Recognising and preparing for relapse is often a part of the treatment process. Identifying situations that would trigger excessive Internet use and generating ways to deal with these situations can greatly reduce the possibility of total relapse.

Conclusion

The Internet is, without question, a game-changing tool for communication, socialization, education, business, and entertainment. When used responsibly and in moderation it can provide us with an unimaginable amount of information and can certainly contribute to the quality of our lives. However, when used to excess and when the digital world becomes more important than the physical world – this can be a serious problem.

- Facebook friends cannot take the place of real friends.
- Chatting online cannot replace connecting with others in person.
- Video game accomplishments cannot be a substitute for achieving personal goals in the real world.

Change is never easy, but it is an absolute requirement for personal growth and development. As difficult as changing your Internet habits may be, it is not nearly as difficult as living with the regret of lost relationships, missed opportunities, and unrealized potential. With the proper treatment approach, support from others, and most importantly, a genuine commitment to change, it is definitely possible to overcome Internet Addiction and live a happier and more fulfilling life.

## ക്വിസ് 13

മിനി ജോൺസൺ

**(2 പത്രോസ് 1, 2, 3 യോഹന്നാൻ, യൂദാ)**

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി : 10 – 10 – 2023**

1. ദൈവകല്പനയിൽ മനുഷ്യർ പരിശുദ്ധ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതെന്ത്?
2. നമുക്ക് പിതാവിന്റെ അടുക്കൽ കാര്യസ്ഥനായിട്ടുള്ള താര്?
3. പിതാവും പുത്രനും ഉള്ളതാർക്ക്?
4. 3 യോഹന്നാൻ ആർക്കുവേണ്ടി എഴുതി?
5. അന്യജഡം മോഹിച്ചു നടന്നതിനാൽ നിത്യാഗ്നിക്കിരയായ 2 പട്ടണങ്ങൾ?
6. കർത്താവിന്റെ വരവിനെക്കുറിച്ച് പ്രവചിച്ചിരിക്കുന്ന യൂദായുടെ ലേഖനത്തിലെ വ്യക്തി ആര്?
7. 3 യോഹന്നാൻ എവിടെ വച്ച്എഴുതി?
8. സഭിൽ പ്രധാനിയാകുവാനും സഹോദരന്മാരെ കൂട്ടാത്തവനും ആര് ?
9. യേശുക്രിസ്തുവിനെ ജഡത്തിൽ വന്നു എന്ന് സ്വീകരിക്കാത്തവൻ ആരാകുന്നു?
10. ഒരു സഹോദരിയുടെ പേരിൽ എഴുതപ്പെട്ട പുസ്തകം ഏത്?
11. സർവ്വ ലോകവും ആരുടെ അധീനതയിലാണ്?
12. ഏത് അനീതിയും എന്താണ്?
13. പാപം ചെയ്യുന്നവൻ ആരുടെ മകനാണ്?
14. സത്യത്താൽ സാക്ഷ്യം ലഭിച്ചവൻ?
15. യൂദാ എഴുതുവാൻ നിശ്ചയിച്ചിരുന്ന വിഷയം എന്തായിരുന്നു?
16. ആരോട് കുശലം പറയരുത്?
17. ജലത്താലും രക്തത്താലും വന്നവൻ ആര്?
18. പ്രധാന ദൂതന്റെ പേര് എന്ത് (യൂദായുടെ ലേഖനത്തിൽ)?
19. പ്രിയനെ എന്ന് 3 യോഹന്നാനിൽ എത്ര വട്ടം കാണാം?
20. സ്വന്തവാസ സ്ഥലം വിട്ടുപോയ ദൂതന്മാരെ എവിടെയാണ് സൂക്ഷിച്ചത്?
21. സാക്ഷ്യം പറയുന്ന മൂവർ ആരെല്ലാം?
22. ആദാം മുതൽ ഏഴാമൻ ആര്?
23. നാം ഇപ്പോൾ ആരാകുന്നു എന്നാണ് യോഹന്നാൻ പറയുന്നത്?
24. വീഴാതെ വണ്ണം നമ്മെ സൂക്ഷിക്കുന്നവൻ ആര്?
25. വലഞ്ഞുപോയ നീതിമാൻ ആര്?
26. നീതിപ്രസംഗി എന്ന് പത്രൊസിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ആരേപ്പറ്റി?
27. അവൻ അനീതിയുടെ കൂലി കൊതിച്ചു എങ്കിലും എന്റെ അകൃത്യത്തിന് ശാസന കിട്ടി. ആർക്ക്?
28. കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിയുന്ന ജീവി?
29. പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്ത മൃഗം?
30. പാപം ചെയ്ത ദൂതന്മാരെ ദൈവം എവിടെ ഇട്ടിരിക്കുന്നു?

റിനോ അച്ചൻ

# പ്രസാദസന്ധ്യയിലും തളിർത്ത ഫലം നൽകുന്ന മലങ്കരയുടെ മുന്തിരിവള്ളി



വിശുദ്ധ വേദപുസ്തകത്തിലെ പുതിയ നിയമത്തിന്റെ ആരംഭം തന്നെ ശ്രേഷ്ഠ വയോധികരുടെ പാട്ടോടുകൂടിയാണ്. സഖറിയ പുരോഹിതൻ പാടുന്നു, എലിസബത്ത് പാടുന്നു, ഹന്നാ പ്രവാചകി പാടുന്നു, വൃദ്ധനായ ശിമോൻ പാടുന്നു.... ജീവിതത്തിന്റെ സായാഹ്നത്തിലും ഒരു പാട്ട് കരുതി വയ്ക്കുക എന്നത് എത്ര ശ്രേഷ്ഠമായ കർമ്മം ആണ്. വിശേഷിച്ച് ഇതുവരെ പാടിയതിൽ വച്ച് ഏറ്റവും ലാവണ്യമുള്ള, ചാരുതയുള്ള അർത്ഥമുള്ള പാട്ട്. മലങ്കര സഭയുടെ സീനിയർ മെത്രാപ്പോലീത്തയും തുമ്പമൺ ഭദ്രാസന അധിപനും, സഭയുടെ സൗമ്യ തേജസ്സും ഹരിത സുവിശേഷത്തിന്റെ പ്രവാചകനും തുമ്പമൺ ഭദ്രാസനാധിപനുമായിരുന്ന അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമിസ് തിരുമേനിയാണ് തന്റെ പ്രസാദ സന്ധ്യയിൽ അർത്ഥപൂർണ്ണമായ ഒരു പാട്ട് ആലപിക്കുന്നത്. അത് ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും വിട്ടുകൊടുക്കലിന്റെയും വഴിമാറി കൊടുക്കലിന്റെയും ശ്രേഷ്ഠഗീതം ആണ്. ത്യാഗം മഹത്തായ ഒരു കർമ്മമാണ്. സ്നേഹപൂർവ്വം, സന്തോഷപൂർവ്വം ബോധപൂർവ്വം ഒരാൾ വേണ്ട എന്ന് വെക്കുന്ന പ്രവർത്തിയാണ് ത്യാഗം.

ചില വ്യക്തികൾ അങ്ങനെയാണ് ഒരു മൗന സങ്കീർത്തനത്തിന്റെ വാചാലമായ ഉൾധ്വനികൾ പോലെ......

സങ്കീർണതകളുടെയും പ്രതിസന്ധികളുടെയും തുള്ളിയാർക്കുന്ന പെരുമഴയെ തന്റെ പ്രാർത്ഥനാ ജീവിതത്താലും സൗമ്യതയാലും നേരിട്ട് മലങ്കര സഭയിൽ ദൈവഹിതം നിറവേറ്റിയ പിതാവാണ് അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മീസ് തിരുമേനി.1991 മുതൽ തനിക്ക് ഏൽപ്പിക്കപ്പെട്ട സുൽത്താൻബത്തേരി ഭദ്രാസനത്തിന് ഊടും പാവും നൽകി നയിച്ച, 2009 മുതൽ തുമ്പമൺ ഭദ്രാസനത്തെ കൂടുതൽ ആത്മീയ പുരോഗതിയിലേക്കും, വളർച്ചയിലേക്കും കൈപിടിച്ച് നടത്തി. പൂർവ്വപിതാക്കന്മാരുടെ സ്വപ്നങ്ങളെ ജീവാംശമായി താലോലിച്ച അവയെ തന്നിൽ ഏൽപിക്കപ്പെട്ട ദൗത്യത്താൽ അങ്ങേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിച്ചു. മലങ്കര സഭയുടെ ചരിത്രത്തിന്റെ താൾ പുറങ്ങളിൽ തിരുമേനിയുടെ ശുശ്രൂഷാ കാലഘട്ടം തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കും. സഭാ മക്കളുടെ ഹൃദയങ്ങളിൽ തിരുമേനിയുടെ സൗമ്യപ്പൂർവമായ ഇടപെടലും, സ്നേഹപൂർവ്വമായ ചേർത്തു പിടിക്കലുകളും, കരുതലുകളും, അജപാലന ശുശ്രൂഷയും എന്നും മായാതെ മറയാതെ ഒളി മങ്ങാതെ ജ്വലിച്ചു നിൽക്കും.

തിരുമേനി പ്രയാണം തുടരുകയാണ്, തന്റെ പാദങ്ങൾ പോലും ഭൂമിയിൽ ഊന്നുമ്പോൾ പൂവിനും, പുൽകൊടികളും വേദനിക്കരുത് എന്ന് മന്ത്രം ഉരുവിട്ട് ഓരോ ചുവടും വെക്കുകയാണ്, യാത്രയിൽ പഴയ പോലെ കരങ്ങൾ വിരിച്ചു പിടിച്ചിട്ടുണ്ട്, അപരന്റെ നൊമ്പരങ്ങളിലും വേദനകളിലും അവരെ ഹൃദയത്തോട് ചേർത്തുപിടിക്കുവാൻ വേണ്ടിയാണ്. സുവിശേഷം ആയി തീരേണ്ട ജീവിതങ്ങൾക്ക് ഒരു വാഴ്ത്തായി ആയി മാറുകയാണ് അങ്ങയുടെ ഈ മഹനീയ ജീവിതം.

സർവ്വരെയും സമഭാവനയോടെ ദർശിക്കുന്ന അഭിവന്ദ്യ തിരുമേനി ഇനിയുള്ള കാലം 'സമഷ്ടിയിൽ' സർവ്വ സൃഷ്ടികളും വാഴ്‌വിന്റെ ഋതുഭേദങ്ങളെ അതിജീവിക്കുവാൻ പ്രാർത്ഥിക്കും.

പ്രാർത്ഥനാ ധ്യാനങ്ങൾ നിശബ്ദ സംഗീതം തീർക്കുന്ന അങ്ങയുടെ വിശുദ്ധ ജീവിതത്തിന്റെ മുൻപിൽ ഞങ്ങൾ കരങ്ങൾ കൂപ്പുന്നു.

വാത്സല്യ കുഞ്ഞുങ്ങളേ,

ഓണാവധി കഴിഞ്ഞ് നിങ്ങൾ വീണ്ടും സ്കൂളിൽ പോയി തുടങ്ങിയല്ലോ. ഈ വിദ്യാഭ്യാസ വർഷത്തെ രണ്ടാമത്തെ ടേം ആരംഭിച്ചല്ലോ? കൂടുതൽ ശ്രദ്ധ പഠന കാര്യത്തിൽ പുലർത്തേണമേ എന്ന് ചേച്ചി ഓർമ്മിപ്പിക്കുന്നു.

ഒരു സ്ത്രീ സന്യാസിയുടെ അടുക്കൽ എത്തി സങ്കടം പറഞ്ഞു: 'എന്റെ ഭർത്താവ്, യുദ്ധഭൂമിയിൽ ആയിരുന്നു. തിരിച്ചു വന്നപ്പോൾ മുതൽ, സ്വഭാവത്തിൽ വലിയ മാറ്റം. അധികം സംസാരിക്കില്ല. സംസാരിച്ചാൽ തന്നെ ക്ഷുഭിതൻ ആയിരിക്കും'. സന്യാസി പറഞ്ഞു: 'ഞാനൊരു മാന്ത്രിക മരുന്ന് ഉണ്ടാക്കിത്തരാം. പക്ഷേ, അതിലിടാൻ, ജീവനുള്ള കടുവയുടെ ഒരു താടി രോമം വേണം.' സ്ത്രീ പിറ്റേദിവസം തന്നെ, കുറച്ച് ഇറച്ചിക്കഷണങ്ങളുമായി, കാട്ടിൽ കടുവയുണ്ടെന്നു വിശ്വസിച്ചിരുന്ന ഗുഹയുടെ മുൻപിൽ എത്തി. ഇറച്ചി ഗുഹയുടെ മുൻപിൽ വെച്ച്, അവർ കാത്തിരുന്നുവെങ്കിലും, കടുവ വന്നില്ല. ഏറെ നാളുകൾ ഇത് ആവർത്തിച്ചപ്പോൾ, കടുവ പുറത്തെത്തി. നാളുകൾ കൊണ്ട്, കടുവയുമായി സൗഹൃദത്തിലായ സ്ത്രീ, അവസാനം അതിന്റെ ഒരു താടി രോമവും നേടി, അതുമായി സന്യാസിയുടെ അടുക്കൽ എത്തി. സന്യാസി ആ മീശരോമം വാങ്ങി, കത്തിച്ചു കളഞ്ഞു. അത്ഭുതത്തോടെ നിന്ന അവരോടു സന്യാസി പറഞ്ഞു: 'ക്ഷമയോടെ കാത്തിരുന്ന നിനക്ക്, കടുവയുടെ രോമം എടുക്കാൻ കഴിഞ്ഞു. കടുവയേക്കാൾ ഭീകരനാണോ നിന്റെ ഭർത്താവ്? അദ്ദേഹത്തിന്റെ മനം കവരുവാൻ നീ ക്ഷമയോടെ പരിശ്രമിക്കുക, വിജയിക്കും, തീർച്ച. തോൽപിക്കാനാകാത്ത വിധം ശക്തനല്ല ഒരു എതിരാളിയും. തരണം ചെയ്യാൻ കഴിയാത്ത വിധം ദുർഘടമല്ല ഒരു പാതയും. എത്തിച്ചേരാനാവാത്ത വിധം ദൂരമല്ല ഒരു ലക്ഷ്യവും. സമീപനത്തിലാണു വ്യത്യാസം വരുത്തേണ്ടത്. ഓരോന്നിനേയും എങ്ങനെ സമീപിക്കണമെന്ന തിരിച്ചറിവും, അതിന് അനുസരിച്ചുള്ള തന്ത്രങ്ങളും കണ്ടെത്തുകയാണ്, വിജയത്തിന്റെ രസതന്ത്രം. നിർബന്ധങ്ങളോ, നിബന്ധനകളോ ഇല്ലാതെ ഹൃദയപൂർവ്വം ഇടപെടുന്നവരുടെ മുമ്പിൽ, തോറ്റുകൊടുക്കാത്തവർ ആരുമില്ല. നാം ആഗ്രഹിക്കുന്ന രീതിയിലും, നേരത്തും മറ്റുള്ളവർ മാറണമെന്നു വാശി പിടിക്കാതെ, അതിനായി, ക്ഷമയോടെ പ്രവർത്തിച്ചു കൊണ്ടിരുന്നാൽ, വിജയം നമ്മുടേതു തന്നെ ആയിരിക്കും. പഠന കാര്യത്തിലും, മറ്റുള്ളവരോടുള്ള സമീപനങ്ങളിലും ക്ഷമയോടെ ആയിരിക്കുവാൻ നിങ്ങൾക്കിടയാകട്ടെ. 'ഒരു കാര്യത്തിന്റെ ആരംഭത്തെക്കാൾ അതിന്റെ അവസാനം നല്ലതു; ഗർവ്വമാനസനെക്കാൾ ക്ഷമാമാനസൻ ശ്രേഷ്ഠൻ. (സഭാപ്രസംഗി 7:8)

ഐ.എസ്.ആർ.ഒ.യുടെ മൂന്നാമത്തെ ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ-3 ന്റെ ലാൻഡർ മൊഡ്യൂൾ വിജയകരമായി ലാൻഡിംഗ് ചെയ്തതോടെ ഇന്ത്യ ചന്ദ്രനിൽ എത്തി! ചന്ദ്രന്റെ ദക്ഷിണധ്രുവത്തിന് സമീപം ഇറങ്ങുന്ന ആദ്യ രാജ്യമായി ഇന്ത്യ മാറി. ജൂലൈ 14 ന് വിക്ഷേപിച്ച ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (കടഞഛ) മൂന്നാം ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ-3 ന്റെ ലാൻഡർ മൊഡ്യൂൾ (ഘങ) ഓഗസ്റ്റ് 23 ന് ചന്ദ്രന്റെ ഉപരിതലത്തിൽ വിജയകരമായി ഇറങ്ങി, ഈ വിജയം നേടുന്ന നാലാമത്തെ രാജ്യമായി നമ്മുടെ രാജ്യം മാറി എന്നത് നമുക്ക് അഭിമാനമാണ്. ഐ.എസ്.ആർ.ഒ.യിലെ ശാസ്ത്രജ്ഞരുടെ സംഘത്തെ അഭിനന്ദിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി പറഞ്ഞു, "ഇന്ത്യയുടെ വിജയകരമായ ചാന്ദ്ര ദൗത്യം ഇന്ത്യയുടെ മാത്രമല്ല... ഒരു ഭൂമി, ഒരു കുടുംബം ഒരു ഭാവി എന്ന നമ്മുടെ സമീപനം ലോകമെമ്പാടും പ്രതിധ്വനിക്കുന്നു... ചന്ദ്രദൗത്യം ഒരേ മനുഷ്യനെ അടിസ്ഥാനമാക്കിയുള്ളതാണ് . കേന്ദ്രീകൃത സമീപനം. അതിനാൽ, ഈ വിജയം എല്ലാ മനുഷ്യരാശിക്കും അവകാശപ്പെട്ടതാണ്.

ഐ.എസ്.ആർ.ഒ.യുടെ മൂന്നാമത്തെ ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ-3 ന്റെ ലാൻഡർ മൊഡ്യൂൾ വിജയകരമായി ലാൻഡിംഗ് ചെയ്തതോടെ ഇന്ത്യ ചന്ദ്രനിൽ എത്തി! ചന്ദ്രന്റെ ദക്ഷിണധ്രുവത്തിന് സമീപം ഇറങ്ങുന്ന ആദ്യ രാജ്യമായി ഇത് മാറി.

ജൂലൈ 14 ന് വിക്ഷേപിച്ച ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ISRO) മൂന്നാം ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ -3 ന്റെ ലാൻഡർ മൊഡ്യൂൾ (LM) ഓഗസ്റ്റ് 23 ന് ചന്ദ്രന്റെ ഉപരിതലത്തിൽ വിജയകരമായി ഇറങ്ങി, മുൻ ഡടടഞ കഴിഞ്ഞാൽ ഇന്ത്യയെ നാലാമത്തെ രാജ്യമാക്കി മാറ്റി. ചന്ദ്രോപരിതലത്തിൽ സോഫ്റ്റ് ലാൻഡിംഗ് നടത്താൻ അമേരിക്കയും ചൈനയും. ഐ.എസ്.ആർ.ഒ. യിലെ ശാസ്ത്രജ്ഞരുടെ സംഘത്തെ അഭിനന്ദിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി പറഞ്ഞു, "ഇന്ത്യയുടെ വിജയകരമായ ചാന്ദ്ര ദൗത്യം ഇന്ത്യയുടെ മാത്രമല്ല... ഒരു ഭൂമി, ഒരു കുടുംബം ഒരു ഭാവി എന്ന നമ്മുടെ സമീപനം ലോകമെമ്പാടും പ്രതിധ്വനിക്കുന്നു... ചന്ദ്രദൗത്യം ഒരേ മനുഷ്യനെ അടിസ്ഥാനമാക്കിയുള്ളതാണ് . കേന്ദ്രീകൃത സമീപനം. അതിനാൽ, ഈ വിജയം എല്ലാ മനുഷ്യരാശിക്കും അവകാശപ്പെട്ടതാണ്. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) സെപ്റ്റംബർ 2-ന് ഇന്ത്യയുടെ ആദ്യത്തെ സോളാർ ഒബ്സർവേറ്ററി മിഷൻ ആയ ആദിത്യ- L1 വിക്ഷേപിച്ചു. നാല് മാസത്തിനുള്ളിൽ ആദിത്യ-എൽ 1 ദൗത്യം നിരീക്ഷണ സ്ഥലത്ത് എത്തുമെന്നാണ് സംഘടനയുടെ കണക്കുകൂട്ടൽ. ഭൂമിയിൽ നിന്ന് 1.5 ദശലക്ഷം കിലോമീറ്റർ അകലെയുള്ള ലാഗ്രാൻജിയൻ പോയിന്റ് 1(L1) ന് ചുറ്റും ഒരു ഹാലോ ഭ്രമണപഥം സ്ഥാപിക്കും.

നമ്മുടെ അധ്യാപകരെ, ഓർക്കുന്നതിനും, ആദരിക്കുന്നതിനും ആണല്ലോ എല്ലാ വർഷവും സെപ്റ്റംബർ 5 ന് അധ്യാപക ദിനം ആഘോഷിക്കുന്നത്. പണ്ഡിതനും അദ്ധ്യാപകനുമായിരുന്ന മുൻ രാഷ്ട്രപതി സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മവാർഷിക ദിനം കൂടിയാണ് ഈ ദിവസം. 1962ൽ ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയായി ഡോ.സർവേപ്പള്ളി രാധാകൃഷ്ണൻ നിയമിതനായതോടെയാണ് ആദ്യത്തെ അധ്യാപകദിനം ആചരിച്ചത്. സെപ്തംബർ 05 ന് തന്റെ ജന്മദിനം ആഘോഷിക്കാൻ അദ്ദേഹത്തിന്റെ ചില മുൻ വിദ്യാർത്ഥികളും സുഹൃത്തുക്കളും ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, ജന്മദിനം ആഘോഷിക്കുന്നതിന് പകരം ആ ദിവസം 'അധ്യാപകദിന'മായി ആചരിച്ചാൽ മതിയെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അധ്യാപകരുടെ കഠിനാധ്വാനത്തെയും അർപ്പണബോധത്തെയും ആദരിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമുള്ള ദിനമായതിനാൽ അധ്യാപകദിനത്തിന് പ്രാധാന്യമുണ്ട്. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള അവരുടെ പ്രയത്നത്തിനും അർപ്പണബോധത്തിനും അധ്യാപകരെ അംഗീകരിക്കുന്നതിനാണ് ഈ ദിനം. യുവമനസ്സുകളെ വികസിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്തുകൊണ്ട് ഒരു രാഷ്ട്രത്തിന്റെ വികസനത്തിൽ അധ്യാപകർ വഹിക്കുന്ന മഹത്തായ പങ്കിന് ഊന്നൽ നൽകുകയും അധ്യാപനത്തിന്റെ മഹത്തായ തൊഴിലിനെ ഉയർത്തിക്കാട്ടുകയും ചെയ്യുന്ന ദിനം കൂടിയാണിത്. നിങ്ങളുടെ അധ്യാപകരെ നിങ്ങൾ സ്നേഹിക്കണം, ബഹുമാനിക്കണം, അവർക്കു വേണ്ടി പ്രാർത്ഥിക്കണം. നാം ഏത് പ്രവർത്തന മേഖലയിൽ ആയിരിക്കുമ്പോഴും ദൈവത്തെ കാണുവാനും ദൈവത്തെ രുചിച്ചറിയുവാനും ദൈവത്തിന്റെ സാക്ഷ്യമുള്ള കുഞ്ഞുങ്ങളായി വളരുവാനും നിങ്ങൾക്ക് സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ.

നിങ്ങളുടെ **ജൂലിചേച്ചി**

## ഉത്തരങ്ങൾ ക്വിസ് 11

1. യാക്കോബ്
2. കാറ്റടിച്ചു അലയുന്ന കടൽത്തിരയ്ക്ക് സമൻ (1:6)
3. ജീവകിരീടം (1:12)
4. പാപം (1:15)
5. ഏലിയാവ് (5:17)
6. സമാധാനം ഉണ്ടാക്കുന്നവർ (5:18)
7. സൗമ്യത (3:13)
8. നാവ് (3:15)
9. തീയ് (3:6)
10. ദൈവത്തിന് (1:17)
11. തന്റെ ഉയർച്ചയിൽ (1:9)
12. 5
13. നാവിന് കടിഞ്ഞാൺ ഇടാത്തവന്റെ (1:26)
14. നിഷ്ഫലം (2:20)
15. അബ്രഹാം (2:23)
16. ഏലിയാവ് (5:17)
17. ദൈവത്തോട് (4:4)
18. നിഗളികളോട് (4:6)
19. നിങ്ങളെ വിട്ട് ഓടിപ്പോകും (4:7)
20. പാപം (4:17)
21. ഇയ്യോബ് (5:11)
22. പ്രാർത്ഥന (5:13)
23. നീതിമാന്റെ (5:16)

## ഉത്തരങ്ങൾ ക്വിസ് 12

1. സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഒന്നും ഇല്ലാത്തതു മായ അവകാശത്തിനായി (1:4,5)
2. സകല ദുഷ്ടതയും എല്ലാ ചതിയും വ്യാജഭാവവും അസൂയയും എല്ലാ നുണയും (2:1)
3. വചനം എന്ന മായമില്ലാത്ത പാൽ (2:2)
4. യേശുക്രിസ്തു (2:4)
5. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ (2:9)
6. യേശുക്രിസ്തുവിന്റെ (2:2)
7. സാറാ (3:6)
8. പത്രൊസ് (3:7)
9. സ്നാനത്തിന് (3:20)
10. ആ ഭാവം തന്നെ ആയുധമായി ധരിക്കേണം (4:1)
11. സ്നേഹം (4:8)
12. പത്രൊസ് (4:14)
13. പത്രൊസ് (4:16)
14. ദൈവഗൃഹത്തിൽ (4:17)
15. നീതിമാൻ (4:28)
16. തേജസ്സിന്റെ വാടാത്ത കിരീടം (5:3)
17. ഇടയശ്രേഷ്ഠൻ (5:4)
18. താഴ്മയുള്ളവർക്ക് (5:5)
19. പ്രതിയോഗിയായ പിശാച് (5:8)
20. സില്വാനൊസ് (5:12)
21. മർക്കൊസ് (5:13)
22. 21
23. ആസ്യയിലെ ചിതറിപാർക്കുന്ന ക്രിസ്ത്യാനികൾക്ക്
24. ബാബിലോൺ
25. 105

## ശരിയുത്തരം നൽകിയവർ

**ക്വിസ് 11 :** മെറി ഏബ്രഹാം ചെറിയനാട്, മണി മോനച്ചൻ കുരമ്പാല, ജോയിസ് ഉമ്മൻ കാരയ്ക്കാട്, സാലി ജോയിസ് കുരമ്പാല, ബ്ലസി മാത്യു കല്ലുങ്കൽ വെസ്റ്റ്, ഏലിയാമ്മ ചാക്കോ കല്ലുങ്കൽ വെസ്റ്റ്, സൂസൻ ചെറിയാൻ പിരളശ്ശേരി, ഷീജാ ജോസ് പൂഴിക്കാട്, ചിന്നമ്മ ജോർജ്ജ് കൂർത്തമല, സലില ജോസ് പേരിശ്ശേരി, ഷീബാ ബാബു പൂഴിക്കാട്, വത്സമ്മ ചാക്കോ തോട്ടപ്പുഴ, ഷീലാ ജോസഫ് കാരയ്ക്കാട്, ഏലിയാമ്മ ജോർജ്ജ് നീർവിളാകം, ജൂലി തോമസ് യോർദ്ദാൻപുരം, മറിയാമ്മ തങ്കച്ചൻ കുടശ്ശനാട്, കെ.സി. ഏലിയാമ്മ കുരമ്പാല, ഏലിയാമ്മ ഈപ്പൻ പിരളശ്ശേരി, സൂസൻ തോമസ് പുത്തൻകാവ്, അന്നമ്മ ഏബ്രഹാം ബഥേൽ

**വിജയി : വത്സമ്മ ചാക്കോ തോട്ടപ്പുഴ**

**ക്വിസ് 12 :** ഉഷാ മത്തായി കൂർത്തമല, ലിസി ജോസ് പൂഴിക്കാട്, ഷീബാ ബാബു പൂഴിക്കാട്, കെ.സി. ഏലിയാമ്മ കുരമ്പാല, വത്സമ്മ ചാക്കോ തോട്ടപ്പുഴ, ഏലിയാമ്മ തോമസ് കൂർത്തമല, സൂസൻ ചെറിയാൻ പിരളശ്ശേരി, ഷീലാ ജോസഫ് കാരയ്ക്കാട്, ഏലിയാമ്മ ജോർജ്ജ് നീർവിളാകം. ഏലിയാമ്മ ചാക്കോ കല്ലുങ്കൽ വെസ്റ്റ്, ജോയിസ് ഉമ്മൻ കാരയ്ക്കാട്, ഏലിയാമ്മ ഈപ്പൻ പുത്തൻകാവ്, സൂസൻ തോമസ് പുത്തൻകാവ്

**വിജയി : ഉഷാ മത്തായി കൂർത്തമല**

## ഭദ്രാസന വാർത്തകൾ

ഫാ. പി. കെ. കോശി
(ഭദ്രാസന സെക്രട്ടറി)

ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന ഭാഗ്യസ്മരണാർഹനായ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സിന്റെ 5-ാമത് ഓർമ്മപ്പെരുന്നാൾ സമുചിതമായി ആഘോഷിക്കുവാൻ ഇടയാക്കിയ കരുണാമയനായ ദൈവത്തെ സ്തുതിക്കാം. ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച് അനുഗ്രഹിച്ച പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയോടും, ഇടവക മെത്രാപ്പോലീത്തായോടും, അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമ്മീസ്, അഭിവന്ദ്യ ഗീവർഗീസ് മാർ കൂറിലോസ്, അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ്, അഭിവന്ദ്യ ജോസഫ് മാർ ദീവന്നാസിയോസ്, അഭിവന്ദ്യ മാത്യൂസ് മാർ തേവോദോസിയോസ്, അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിപ്പാനിയോസ്, അഭിവന്ദ്യ യൂഹാനോൻ മാർ ദിയസ്കോറോസ്, അഭിവന്ദ്യ ഗീവർഗീസ് മാർ യൂലിയോസ്, അഭിവന്ദ്യ ജോഷ്വാ മാർ നിക്കോദിമോസ്, അഭിവന്ദ്യ യൂഹാനോൻ മാർ തേവോദോറോസ് അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സീനോസ് എന്നീ പിതാക്കന്മാരോടുമുള്ള സന്തോഷം പ്രത്യേകം അറിയിക്കുന്നു. വിവിധദിവസങ്ങളിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയ വൈദീക ട്രസ്റ്റി ഡോ. തോമസ് വർഗ്ഗീസ് അമയിൽ അച്ചൻ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വൈദീകശ്രേഷ്ഠർ, മറ്റ് ഭദ്രാസനങ്ങളിലെ വൈദീകർ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ആത്മീയ സംഘടനാ പ്രവർത്തകർ, അഭിവന്ദ്യ തിരുമേനിയുടെ കുടുംബാംഗങ്ങൾ, വിശ്വാസ സമൂഹം, വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നൽകിയ എല്ലാവരോടും മെത്രാസനത്തിന്റെയും ഓതറ സെന്റ് ജോർജ് ദയറായുടെയും നാമത്തിൽ നന്ദിയും സ്നേഹവും അറിയിക്കുന്നു.

അന്നേ ദിവസം ഉച്ചകഴിഞ്ഞ് തോമസ് മാർ അത്താനാസിയോസ് അനുസ്മരണ സമ്മേളനവും, മെറിറ്റ് അവാർഡ് വിതരണവും ബഹു. മന്ത്രി ശ്രീ. സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. വിവിധ തലങ്ങളിൽ ഉന്നതനിലവാരം പുലർത്തിയ ഭദ്രാസനാംഗങ്ങളായ 87 പേർക്ക് അവാർഡ് നൽകുവാൻ സാധിച്ചു. മെത്രാസനാംഗങ്ങളുടെ വൈവിദ്ധ്യമായ ഉയർച്ചയിൽ സന്തോഷം രേഖപ്പെടുത്തുന്നതോടൊപ്പം കൂടുതൽ ഉന്നതിയിലേക്ക് അവർ പ്രവേശിക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ ചടങ്ങുകൾക്കായി സാമ്പത്തിക സഹായം നൽകിയ ശ്രീ. റോയ് മുത്തൂറ്റ്, ബറോഡാ സെന്റ് ബേസിൽ സൊസൈറ്റി, പത്തനംതിട്ട ഡോ. റ്റി. എ. ജോർജും സഹോദരങ്ങളും തുടങ്ങിയ ചെറുതും വലുതുമായ സഹായ സഹകരണങ്ങൾ നൽകിയ എല്ലാ പ്രിയപ്പെട്ടവരെയും ദൈവം അനുഗ്രഹിക്കട്ടെ.

2023-ലെ കാതോലിക്കാ ദിന നിധി ശേഖരണം 2023 ആഗസ്റ്റ് 12-ന് ബഥേൽ അരമനയിൽ നടത്തപ്പെട്ടു. പരി. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് എഴുന്നെള്ളി അനുഗ്രഹിച്ചതിലുള്ള സന്തോഷം തൃപ്പാദത്തിൽ സമർപ്പിക്കുന്നതോടൊപ്പം ആത്മാർത്ഥതയോടെ സഹകരിച്ച എല്ലാ ഇടവകകളോടും വന്ദ്യവൈദീകരോടും ട്രസ്റ്റി, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ വിശ്വാസ സമൂഹത്തോടുമുള്ള സന്തോഷം അറിയിക്കുന്നു.

മലങ്കരയുടെ താപസ ശ്രേഷ്ഠനും, സീനിയർ മെത്രാപ്പോലീത്തായും മുൻ കൊല്ലം ഭദ്രാസനാധിപനുമായിരുന്ന സഖറിയാ മാർ അന്തോനിയോസ് തിരുമേനി കാലം ചെയ്തു. വന്ദ്യപിതാവിന് ഭദ്രാസനത്തിന്റെ യാത്രാമൊഴി. മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികൻ ഫാ. വി. എം. മത്തായി വിളനിലം, വെൺമണി സെന്റ് മേരീസ് ഇടവകാംഗവും, നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വൈദികനുമായ ഫാ. ആൻഡ്രൂസ് ദാനിയേൽ, നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയുടെ മാതാവ് ഏലിയാമ്മ യോഹന്നാൻ, കോട്ടയം വൈദീക സെമിനാരി അദ്ധ്യാപകനും, അറത്തിൽ സെന്റ് ജോർജ് മഹാ ഇടവകാംഗവുമായ ഡോ. ഷാജി പി. ജോൺ അച്ചന്റെ സഹധർമ്മിണി മറിയം ഷാജി ജോൺ എന്നിവരുടെ ദേഹവിയോഗത്തിൽ ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ രേഖപ്പെടുത്തുന്നു.

2023 സെപ്റ്റംബർ 09-ാം തീയതി നടത്തപ്പെടുവാൻ നിശ്ചയിച്ചിരുന്ന ഭദ്രാസന വാർഷിക പൊതുയോഗം ചില സാങ്കേതിക കാരണങ്ങളാൽ 2023 സെപ്റ്റംബർ 16-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കൂടുവാൻ ഇടവക മെത്രാപ്പോലീത്താ കല്പന പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലം ഭദ്രാസനത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച ഭദ്രാസന സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഭദ്രാസനത്തിനു വേണ്ടി അറിയിക്കുന്നു.

### ഇടവക മെത്രാപ്പോലീത്തായുടെ ഔദ്യോഗിക സന്ദർശനം

2023 സെപ്റ്റംബർ 10
**വെൺമണി സെന്റ് മേരീസ് പള്ളി**

2023 സെപ്റ്റംബർ 17
**പേരിശ്ശേരി ഈസ്റ്റ് മാർ ഗ്രീഗോറിയോസ് പള്ളി**

2023 സെപ്റ്റംബർ 24
**കുരമ്പാല സെന്റ് തോമസ് വലിയ പള്ളി**

2023 ഒക്ടോബർ 01
**കല്ലുകൽ സെന്റ് ഇഗ്നേഷ്യസ് പള്ളി**

## എത്യോപ്യൻ സഭയിൽ വീണ്ടും വിമത നീക്കം

എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ വീണ്ടും വിമത നീക്കം. എത്യോപ്യൻ ഓർത്തഡോക്സ് സഭാ സുന്നഹദോസിൽ നിന്ന് വംശീയ-രാഷ്ട്രീയ പ്രേരിതരായി സ്വയം വേർപിരിഞ്ഞ 4 ആർച്ചുബിഷപ്പുമാർ ചേർന്ന് 6 ബിഷപ്പുമാരെ വാഴിച്ചു. തിഗ്രേയിലെ അക്സും സെന്റ് മേരീസ് സീയോൻ കത്തീഡ്രലിൽ ജൂലൈ 23-നാണ് അകാനോനികവും നിയമവിരുദ്ധവുമായ ഈ സംഭവം നടന്നത്. ഒരു പുതിയ 'സുന്നഹദോസ്' രൂപീകരിക്കുന്നതാണ് അടുത്ത നീക്കമെന്ന് അവർ വ്യക്തമാക്കി. മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത 10 പേരിൽ നിന്ന് 6 പേരെയാണ് അന്നു വാഴിച്ചത്. നേരത്തെ എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ മത്ഥിയാസ് നടത്തിയ അനുരഞ്ജനനീക്കത്തോട് വിമതർ സഹകരിച്ചില്ല. എത്യോപ്യയുടെ വടക്ക് എറിത്രിയായോട് ചേർന്നു കിടക്കുന്ന പ്രദേശമണ് തിഗ്രേ. ഇതിനിടെ ജൂലൈ 16-ന് പാത്രിയർക്കീസ് ആബൂനാ മത്ഥിയാസിന്റെ മുഖ്യകാർമികത്വത്തിൽ എത്യോപ്യൻ സഭയിൽ 9 മെത്രാന്മാർ വാഴിക്കപ്പെട്ടു.

ഈ വർഷം രണ്ടാം പ്രാവശ്യമാണ് എത്യോപ്യൻ സഭയിൽ വിഘടിത നീക്കമുണ്ടാകുന്നത്. ജനുവരി മാസത്തിൽ രൂപപ്പെട്ട ഭിന്നത സഭയുടെയും 'ഒറോമിയാ സിനഡ്' എന്നറിയപ്പെട്ട വിമതരുടെയും സർക്കാരിന്റെയും പ്രതിനിധികൾ തമ്മിൽ നടന്ന ചർച്ചകളിലൂടെ മൂന്നാഴ്ചയ്ക്കകം പരിഹരിക്കുകയുണ്ടായി. ഒറോമിയാ വംശീയ-ഭാഷാ-സംസ്കാരിക പ്രശ്നങ്ങളായിരുന്നു ഭിന്നതയുടെ അടിസ്ഥാന കാരണം.

എത്യോപ്യൻ സഭയിൽ 1991-ൽ ഉടലെടുത്ത ഭിന്നിപ്പ് എത്യോപ്യൻ സർക്കാരിന്റെ പിന്തുണയോടെ 2018-ൽ സമ്പൂർണ യോജിപ്പിലെത്തി പരിഹരിച്ചിരുന്നു. ആബൂനാ മത്ഥിയാസ് പാത്രിയർക്കീസ് നേതൃത്വം നൽകിയ ഔദ്യോഗിക വിഭാഗവും (ആഡിസ് അബാബാ സിനഡ്) ആബൂനാ മെർക്കോറിയോസ് പാത്രിയർക്കീസ് നേതൃത്വം നൽകിയ രാജ്യത്തിനു പുറത്തുള്ള വിഭാഗവും (എക്സൈൽ സിനഡ്) 2018 ജൂലൈ 31ന് സമ്പൂർണ യോജിപ്പിലെത്തിയതിനെ തുടർന്ന് അമേരിക്കയിൽ പ്രവാസിയായി കഴിഞ്ഞ ആബൂനാ മെർക്കോറിയോസ് എത്യോപ്യയിൽ മടങ്ങിയെത്തി. പരസ്പര മുടക്കുകൾ പിൻവലിച്ചതോടെ ഒരു സഭയും ഒരു സുന്നഹദോസും മാത്രമായി. ആബൂനാ മെർക്കോറിയോസ് 2022 മാർച്ച് 3 ന് കാലം ചെയ്തു.

എത്യോപ്യൻ സഭയിൽ വിശുദ്ധ മൂറോൻ കൂദാശ

എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ വിശുദ്ധ മൂറോൻ കൂദാശ നടന്നു. ലോകരക്ഷകൻറെ പെരുനാൾ ദിനമായ 2022 നവംബർ 6 ഞായറാഴ്ച ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ എപ്പിസ്കോപ്പൽ സിനഡ് ആണ് മൂറോൻ കൂദാശ ചെയ്തത്. ഏഴു ദിവസം കൊണ്ടാണ് വിശുദ്ധ തൈലം തയ്യാറാക്കിയതെന്ന് ഒസിപി ന്യൂസ് സർവീസ് റിപ്പോർട്ട് ചെയ്തു.

എത്യോപ്യൻ സഭയിൽ നടക്കുന്ന മൂന്നാമത്തെ വിശുദ്ധ മൂറോൻ കൂദാശയാണിത്. ആബൂനാ പൗലോസ് 1998-ലും 2002-ലുമാണ് ഇതിനുമുൻപ് മൂറോൻ കൂദാശ ചെയ്തത്. സഭയുടെ അറിയപ്പെടുന്ന 1700 വർഷത്തെ ചരിത്രത്തിൽ കോപ്റ്റിക് മെത്രാന്മാരാണ് എത്യോപ്യയിൽ വിശുദ്ധ മൂറോൻ കൊണ്ടുവന്നിരുന്നത്. ഇക്കാര്യത്തിൽ ഒട്ടേറെ വൈഷമ്യങ്ങൾ നേരിട്ടിരുന്നു. എത്യോപ്യൻ സഭ 1959ൽ സ്വതന്ത്രമായതിനു ശേഷവും വിശുദ്ധ മൂറോനു വേണ്ടി കോപ്റ്റിക് സഭയെ ആശ്രയിക്കേണ്ടിയിരുന്നു. ഈജിപ്റ്റിൽ നടക്കുന്ന വിശുദ്ധ മൂറോൻ കൂദാശയിൽ എത്യോപ്യൻ മെത്രാന്മാർ പങ്കെടുത്ത് ഒരു ഭാഗം കൊണ്ടുവരികയായിരുന്നു പിന്നീടുള്ള പതിവ്. പാത്രിയർക്കീസ് ആബൂനാ പൗലോസ് 1998 ൽ ആദ്യമായി വിശുദ്ധ മൂറോൻ കൂദാശ ചെയ്തതോടെയാണ് ഈ പതിവിന് മാറ്റമുണ്ടായത്.

അലക്സന്ത്രിയൻ ആരാധനക്രമ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന മൂന്ന് സ്വതന്ത്ര സ്വയംശീർഷകസഭകളാണ് കോപ്റ്റിക്, എത്യോപ്യൻ, എറിത്രിയൻ ഓർത്തഡോക്സ് സഭകൾ. എത്യോപ്യൻ - എറിത്രിയൻ സഭകൾ കോപ്റ്റിക് സഭയുടെ പുത്രീസഭകളായി കണക്കാക്കപ്പെടുന്നു. ഇന്നും ഈ രണ്ടു സഭകളും കോപ്റ്റിക് പോപ്പിന് 'സമന്മാരിൽ മുമ്പൻ' എന്ന സ്ഥാനം നൽകി ആദരിക്കുന്നു.

## അർമേനിയൻ കാതോലിക്കോസ് കോൽക്കത്താ സന്ദർശിച്ചു

അർമേനിയൻ കാതോലിക്കോസ് കരേക്കിൻ രണ്ടാമൻ കോൽക്കത്താ സന്ദർശിച്ചു. അവിടെയുള്ള അർമേനിയൻ കോളേജ് & ഫിലാന്ത്രോപ്പിക് അക്കാദമിയുടെ 202-ാം വാർഷികത്തിൽ മുഖ്യ അതിഥി ആയിരുന്നു. ഹോളി നസറേത്ത് പള്ളിയിലെ ഇടവകാംഗങ്ങൾ സ്വീകരണം നൽകി. തായ്‌ലണ്ട് സന്ദർശിച്ച് അർമേനിയായിലേക്ക് മടങ്ങുന്നതിനിടയിലാണ് ജൂലൈ ആദ്യ വാരത്തിൽ ഡൽഹിയും കോൽക്കത്തായും സന്ദർശിച്ചത്.

ഇന്ത്യയിലെ അർമേനിയാക്കാരുടെ ജനസംഖ്യ ഇന്ന് 100 മുതൽ 500 വരെയുണ്ടെന്ന് വ്യത്യസ്ത കണക്കുകൾ സൂചിപ്പിക്കുന്നു. പള്ളികളും ചാപ്പലുകളുമായി ആകെ 8 എണ്ണമാണുള്ളത്.

അർമേനിയായും ഭാരതവും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മുഖ്യമായും വാണിജ്യപരമായ ആവശ്യത്തിനാണ് അർമേനിയാക്കാർ ഇന്ത്യയിലെത്തിയത്. മുഗൾ ചക്രവർത്തി അക്ബറിന്റെ കല്പന പ്രകാരം ആഗ്രായിൽ 1562-ൽ ഇന്ത്യയിലെ ആദ്യത്തെ അർമേനിയൻ പള്ളി സ്ഥാപിച്ചു. ചെന്നൈയിലും മുംബൈയിലും ഓരോ പള്ളി നാമമാത്രമായിട്ടുണ്ട്.

**വിജെടി**

Holy Matrimony




Merlin Thomas

D/o. **Mr. Thomas Chacko & Mrs. Saly Thomas**
Kallinal, Kudassanad.

Jibin John

S/o. **Mr. John Varghese & Mrs. Brijit John**
Kunnilath House, Mithrapuram, Adoor

## HOLY MATRIMONY



JEAN GEORGE

S/o. Late George Daniel &
Mrs. Molly George, Kollamparampil Trinity,
Kudassanad, Pandalam

SAIRA MINOY VARGHESE

D/o. Mr. Minoy Mathew Varghese &
Mrs. Raymol Minoy, Kuzhikkatt,
Skyline Exotica ,Devalokam, Kottayam

# Holy Matrimony



## Donia Mary Joseph & Nibin Joseph

**D/o. Mr. Joseph Skariah &**
**Mrs. Anie Joseph**
**Malayil Ayrookuzhiyil House,**
**Thittamel, Chengannur**

**S/o. Mr. V.V. Joseph &**
**Mrs. Anu Joseph**
**Vazhanakulathu House,**
**Santhipuram, Kottayam.**

Printed & Published by Diocesan Secretary | Owned by Diocese of Chengannur. PB No. 38, Bethel Aramana
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566